08
2025
ജനുവരി
ബുധൻ
ധനു 24

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.46 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-46 പേജ് 4. വില 2.00 രൂപ

02 ഹണി റോസിന്റെ പരാതിയിൽ ഒരാൾ അറസ്റ്റിൽ; 30 പേർക്കെതിരേ കേസ്
03 വത്തിക്കാൻ കാര്യാലയത്തിന്റെ അധ്യക്ഷയായി വനിത
04 തിരുവനന്തപുരം പുസ്തക തലസ്ഥാനമാകണം: മുഖ്യമന്ത്രി

# നേപ്പാളിൽ ഭൂചലനം: മരണസംഖ്യ 126 ആയി, 188 പേർക്ക് പരിക്ക്

കാഠ്മണ്ഡു: നേപ്പാളിലുണ്ടായ ഭൂകമ്പത്തിൽ മരണസംഖ്യ 126 ആയി. 188 പേർക്ക് പരിക്കേറ്റിട്ടുണ്ടെന്ന് അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. നിരവധി കെട്ടിടങ്ങൾക്കും നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്.

ചൊവ്വാഴ്ച രാവിലെ 6.35നാണ് റിക്ടർ സ്കെയിലിൽ 7.1 രേഖപ്പെടുത്തിയ ഭൂചലനമുണ്ടായത്. ആദ്യഘട്ട ഭൂചലനത്തിന് ശേഷം ഏഴ് മണിയോടെ 4.7, 4.9 തീവ്രതയിലും നേപ്പാളിൽ ഭൂചലനമുണ്ടായതായി നാഷണൽ സെന്റർ ഫോർ സീസ്മോളജി (എൻസിഎസ്) റിപ്പോർട്ട് പറയുന്നു.



ഉത്തരേന്ത്യയിലും ഭൂചലനത്തിന്റെ പ്രകമ്പനങ്ങൾ അനുഭവപ്പെട്ടു. ഇന്ത്യയിലെ അസം, പശ്ചിമബംഗാൾ എന്നിവിടങ്ങളിലും പ്രകമ്പനം അനുഭവപ്പെട്ടു. ടിബറ്റിൽ ഭൂചലനം മൂലമുണ്ടായ നാശനഷ്ടങ്ങളിൽ ഇന്ത്യൻ സർക്കാർ അനുശോചനം രേഖപ്പെടുത്തി.

നേപ്പാളിന്റെ ഭൂപ്രകൃതിയാണ് അടിക്കടി നേപ്പാളിൽ ഭൂചലനത്തിന് കാരണമാകുന്നത്. 2015ൽ റിക്ടർ സ്കെയിലിൽ 7.8 രേഖപ്പെടുത്തിയ ഭൂചലനത്തിൽ 9,000 പേർ മരിക്കുകയും 22,000 പരിക്കേൽക്കുകയും ചെയ്തിരുന്നു.

# ഹണി റോസിന്റെ പരാതി; ബോബി ചെമ്മണ്ണൂരിനെതിരെ പോലീസ് കേസെടുത്തു

കൊച്ചി: അശ്ലീല പരാമർശം നടത്തിയെന്ന് ആരോപിച്ച് നടി ഹണി റോസ് നൽകിയ പരാതിയിൽ വ്യവസായി ബോബി ചെമ്മണ്ണൂരിനെതിരെ പോലീസ് കേസെടുത്തു. സ്ത്രീത്വത്തെ അപമാനിച്ചതിന് എറണാകുളം സെൻട്രൽ പോലീസാണ് കേസെടുത്തത്. ഐടി ആക്ടും ചുമത്തിയിട്ടുണ്ട്.

ഓഗസ്റ്റ് ഏഴിന് ബോബി ചെമ്മണ്ണൂരിന്റെ കണ്ണൂർ ആലക്കോട്ടെ ജ്വല്ലറി ഉദ്ഘാടനത്തിന് എത്തിയപ്പോൾ ലൈംഗികാതിക്രമം നേരിട്ടെന്നും നടിയുടെ പരാതിയിൽ പറയുന്നു. കൊച്ചി സെൻട്രൽ പോലീസ് സ്റ്റേഷനിൽ നേരിട്ടെത്തിയാണ് നടി പരാതി നൽകിയത്.

ജ്വല്ലറി ഉദ്ഘാടനത്തിനിടയിൽ ഉടമ നടത്തിയ ദ്വയാർത്ഥ പ്രയോഗങ്ങൾക്കും കമൻറുകൾക്കുമെതിരെ നടി നേരത്തെ പരസ്യമായ വിമർശനവുമായി രംഗത്ത് വന്നിരുന്നു. ഇതിന് പിന്നാലെ രൂക്ഷമായ സൈബർ അധിക്ഷേപം നടന്നു.

പിന്നാലെ നടി പോലീസിനെ സമീപിക്കുകയും അശ്ലീല കമൻറിട്ടവ!ർക്കെതിരെ പോലീസ് കേസെടുക്കുകയും ചെയ്തിരുന്നു. എന്നാൽ ആദ്യം നൽകിയ പരാതിയിൽ ബോബി ചെമ്മണ്ണൂരിനെതിരെ നടി പരാതിപ്പെട്ടിരുന്നില്ല.

പിന്നീടാണ് ബോബി ചെമ്മണ്ണൂരിനെതിരെ പരാതിയുമായി നടി രംഗത്ത് എത്തിയത്. മാസങ്ങൾക്ക് മുൻപാണ് ജ്വല്ലറിയുടെ ഉദ്ഘാടന ചടങ്ങ് നടന്നത്. തനിക്കെതിരെ ഇപ്പോൾ പരാതിയുമായി വരാൻ എന്താണ് കാരണമെന്ന് അറിയില്ലെന്ന് ബോബി ചെമ്മണ്ണൂർ പറഞ്ഞു.




ബിഹാർ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, കേന്ദ്ര ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായി എന്നിവരിൽ നിന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജും ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഹരീഷ് നായരും ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങുന്നു.

# സിഎംഎഫ്ആർഐക്ക് ക്ഷേത്രീയ രാജ്ഭാഷ പുരസ്കാരം

കൊച്ചി: ഹിന്ദി ഭാഷ മികച്ച രീതിയിൽ നടപ്പാക്കിയതിനുള്ള ക്ഷേത്രീയ രാജ്ഭാഷ പുരസ്കാരം തുടർച്ചയായി മൂന്നാം തവണയും കേന്ദ്ര സമുദ്രമത്സ്യ ?ഗവേഷണ സ്ഥാപനത്തിന് (സിഎംഎഫ്ആർഐ) ലഭിച്ചു. ആഭ്യന്തര മന്ത്രാലയത്തിലെ ഔദ്യോഗിക ഭാഷാ വകുപ്പ് നൽകുന്ന പുരസ്കാരമാണിത്. കേരളം, തമിഴ്നാട്, പുതുച്ചേരി, ലക്ഷദ്വീപ് എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെ വിഭാഗത്തിലാണ് സിഎംഎഫ്ആർഐ പുരസ്കാരം നേടിയത്.

മൈസൂരിലെ കർണാടക ഓപൺ സർവകാലശാലയിൽ നടന്ന ജോയിന്റ് റീജണൽ ഒഫിഷ്യൽ ലാംഗ്വേജ് സമ്മേളനത്തിൽ ബിഹാർ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, കേന്ദ്ര ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായി എന്നിവരിൽ നിന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജും ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഹരീഷ് നായരും ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങി.

## പരാതി പറയാനെത്തിയ യുവതിയോട് മോശമായി പെരുമാറിയ ഡിവൈഎസ്പി അറസ്റ്റിൽ

ബംഗളൂരു: പരാതി പറയാനെത്തിയ യുവതിയോട് മോശമായി പെരുമാറുന്ന വീഡിയോ പുറത്തുവന്നതിന് പിന്നാലെ ഡിവൈഎസ്പി അറസ്റ്റിൽ. തുമകുരുവിലെ മധുഗിരി ഡിവൈഎസ്പിയായിരുന്ന ബി. രാമചന്ദ്രപ്പയാണ് അറസ്റ്റിലായത്.

പോലീസ് സ്റ്റേഷനിലെ ശുചിമുറിയിൽവച്ച് പരാതി പറയാനെത്തിയ യുവതിയോടാണ് ഇയാൾ മോശമായി പെരുമാറിയത്. രാമചന്ദ്രപ്പ യുവതിക്കൊപ്പം ശുചിമുറിക്കുള്ളിൽ നിൽക്കുന്ന ദൃശ്യം പുറത്തുവന്നിരുന്നു.

35 സെക്കൻഡ് ദൈർഘ്യമുള്ള വീഡിയോ വ്യാഴാഴ്ചയാണ് വൈറലായത്. ഡിവൈഎസ്പി പരാതി നൽകാനെത്തിയ യുവതിയുമായി സൗഹൃദം സ്ഥാപിക്കുകയും തന്ത്രപൂർവം ശുചിമുറിയിലേക്ക് എത്തിക്കുകയും ചെയ്തു.

ശേഷം ഡിവൈഎസ്പിയും ശുചിമുറിയിൽ കയറി. എന്നാൽ, ആരോ മൊബൈൽ ഫോൺ റെക്കോർഡിംഗ് ഓണാക്കി ബാത്ത്റൂമിലെ ജനലിൽ വെച്ചിരുന്നു. ഇതിനിടെയുവതി കാമറ കണ്ടെത്തിയതോടെ വീഡിയോ നിലച്ചു. യുവതിയുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് രാമചന്ദ്രപ്പയെ അറസ്റ്റ് ചെയ്തത്.

## ഒരു കുടുംബത്തിലെ നാലു പേർ ദുരൂഹ സാഹചര്യത്തിൽ മരിച്ച നിലയിൽ

ബംഗളൂരു: ഒരു കുടുംബത്തിലെ നാലു പേർ വാടക വീട്ടിൽ മരിച്ച നിലയിൽ. ബംഗളൂരു ആർഎംവി സെക്കൻഡ് സ്റ്റേജിലാണ് സംഭവം.

അനൂപ് കുമാർ (38), ഭാര്യ രാഖി (35) ഇവരുടെ അഞ്ചും രണ്ടും വയസുള്ള മക്കളെയുമാണ് മരിച്ച നിലയിൽകണ്ടെത്തിയത്. അലഹബാദ് സ്വദേശികളാണ് ഇവർ.

ബംഗളൂരുവിലെ ഒരു സ്വകാര്യ സ്ഥാപനത്തിലെ ജീവനക്കാരനാണ് അനൂപ് കുമാർ. സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

## ഡിസിസി ട്രഷററുടെ ആത്മഹത്യ; കെപിസിസി അന്വേഷണ സമിതി ബുധനാഴ്ച വയനാട്ടിൽ

തിരുവനന്തപുരം: വയനാട് ഡിസിസി ട്രഷറർ എൻ.എം.വിജയൻ ജീവനൊടുക്കിയ സംഭവത്തിലെ വിവാദം അന്വേഷിക്കുന്നതിനായി കെപിസിസി ചുമതലപ്പെടുത്തിയ സമിതി ബുധനാഴ്ച വയനാട്ടിലെത്തും.

അന്വേഷണ സമിതി ബുധനാഴ്ച രാവിലെ പത്തിന് ഡിസിസി ഓഫീസിലെത്തി നേതാക്കളുമായി കൂടിക്കാഴ്ച നടത്തും. തുടർന്ന് വിജയന്റെ വീട്ടിലും സമിതി അംഗങ്ങൾ സന്ദർശനം നടത്തി വിശദമായ അന്വേഷണം നടത്തും.

കെപിസിസി അച്ചടക്ക സമിതി ചെയർമാൻ തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ, കെപിസിസി വർക്കിംഗ് പ്രസിഡൻറ് ടി.എൻ.പ്രതാപൻ,രാഷ്ട്രീയകാര്യ സമിതി അംഗം സണ്ണി ജോസഫ് എംഎൽഎ, കെപിസിസി ജനറൽ സെക്രട്ടറി കെ.ജയന്ത് എന്നിവരാണ് സമിതി അംഗങ്ങൾ.

# വിഴിഞ്ഞം തുറമുഖത്ത്ആ ദ്യമായി മൂന്ന് ചരക്ക് കപ്പലുകൾ ഒന്നിച്ച് നങ്കൂരമിട്ടു

വിഴിഞ്ഞം : വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് ആദ്യമായി മൂന്ന് ചരക്ക് കപ്പലുകൾ ഒരുമിച്ച് നങ്കൂരമിട്ടു. എംഎസ്സി സുജിൻ, എംഎസ്സി സോമിൻ, എംഎസ്സി ടൈഗർ എഫ് എന്നീ ഇടത്തരം കണ്ടെയ്നർ കപ്പലുകളാണ് ഇന്നലെ ഒരേ സമയം ബെർത്തിൽ അടുപ്പിച്ചത്. ഇതാദ്യമായാണ് മൂന്നു കപ്പലുകൾ ഒരുമിച്ച് ബർത്തിൽ അടുപ്പിക്കുന്നത്.



ഇതിനായി 700 മീറ്റർ ദൂരമാണ് ബെർത്തിൽ ആവശ്യമായി വന്നത്. കഴിഞ്ഞ സെപ്റ്റംബറിൽ രണ്ട് കണ്ടെയ്നർ കപ്പലുകൾ ഒരേ സമയം വിഴിഞ്ഞത്ത് അടുപ്പിച്ചിരുന്നു. മെഡിറ്ററേനിയൻ ഷിപ്പിംഗ് കമ്പനിയുടെ തവിഷി ബെർത്തിൽ തുടരുന്നതിനിടെ ഐറ എന്ന എംഎസ്സിയുടെ കപ്പലാണ് വിഴിഞ്ഞത്ത് അന്ന് നങ്കൂരമിട്ടത്.

ലോകത്തിലെ ഏറ്റവും വലിയ ഷിപ്പിംഗ് കമ്പനികളിൽ ഒന്നായ മെഡിറ്ററേനിയൻ ഷിപ്പിംഗ് കമ്പനി വിഴിഞ്ഞത്തേക്ക് അയക്കാൻ കൂടുതൽ കപ്പലുകൾ സജ്ജമാക്കുന്നുവെന്ന റിപ്പോർട്ടുകൾ നേരത്തെ തന്നെ ഉണ്ടായിരുന്നു. കമ്മീഷനിംഗിന് മുമ്പുള്ള ട്രയൽ റണ്ണിൽ തന്നെ വമ്പൻ കുതിപ്പ് നടത്തുകയാണ് വിഴിഞ്ഞം രാജ്യാന്തര തുറമുഖം.





കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ മൂന്നാം പതിപ്പ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

# ഹണി റോസിന്റെ പരാതിയിൽ ഒരാൾ അറസ്റ്റിൽ; 30 പേർക്കെതിരേ കേസ്

കൊച്ചി: സമൂഹ മാധ്യമത്തിൽ അധിക്ഷേപിച്ചെന്ന നടി ഹണി റോസിന്റെ പരാതിയിൽ ഒരാളെ എറണാകുളം സെൻട്രൽ പോലീസ് അറസ്റ്റ് ചെയ്തു. എറണാകുളം കുമ്പളം നോർത്ത് സതീശപുരം വീട്ടിൽ ഷാജി (60)യെയാണ് അറസ്റ്റ് ചെയ്തത്.

നെട്ടൂരിലെ ഒരു പ്രിൻറിംഗ് പ്രസിൽ കട്ടറായി ജോലി ചെയ്യുകയാണ് ഇയാൾ. സൈബർ സെല്ലിന്റെ സഹായത്തോടെ പ്രതിയുടെ ലൊക്കേഷൻ കണ്ടെത്തിയായിരുന്നു അറസ്റ്റ്. സ്ത്രീത്വത്തെ അപമാനിച്ചതിനും ഐടി ആക്ട് പ്രകാരവുമാണ് അറസ്റ്റ്. ഇയാളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

സംഭവത്തിൽ 30 പേർക്കെതിരേ കേസെടുത്തിട്ടുണ്ട്. ഞായറാഴ്ച നടി ഹണി റോസ് നൽകിയ പരാതിയിൽ എറണാകുളം സെൻട്രൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിരുന്നു. നടി നേരിട്ട് എത്തിയാണ് സെൻട്രൽ എസിപി സി. ജയകുമാറിന് പരാതി നൽകിയത്. വരും ദിവസങ്ങളിൽ കൂടുതൽ അറസ്റ്റ് ഉണ്ടാകുമെന്ന് പോലീസ് പറഞ്ഞു.

സ്ത്രീത്വത്തെ അപമാനിക്കുന്ന തരത്തിലുള്ള ദ്വയാർഥ പ്രയോഗങ്ങൾ നടത്തി സമൂഹ മാധ്യമങ്ങളിലൂടെ തന്നെ പരിഹസിക്കുന്നവർക്ക് മുന്നറിയിപ്പുമായി നടി ഞായറാഴ്ച രാവിലെ ഫേസ്ബുക്കിൽ പോസ്റ്റിട്ടിരുന്നു.

ഒരു വ്യക്തി തുടർച്ചയായി തന്നെ വേദികളിൽ ദ്വയാർഥ പ്രയോഗം നടത്തി അപമാനിക്കുന്നുവെന്നാണ് ഹണി റോസ് ഫേസ്ബുക്ക് കുറിപ്പിൽ കുറിച്ചത്. അതിനു താഴെയാണ് ചിലർ സ്ത്രീവിരുദ്ധ കമൻറുകളുമായെത്തിയത്.

യുദ്ധം പ്രഖ്യാപിച്ച് ഹണി റോസ്

വിമർശനങ്ങളിൽ അസഭ്യ, അശ്ലീല പരാമർശങ്ങൾ ഉണ്ടെങ്കിൽ ഭാരതീയ ന്യായസംഹിത അനുസരിച്ച് സ്ത്രീക്ക് തരുന്ന എല്ലാം സംരക്ഷണ സാധ്യതകളും പഠിച്ച് താൻ രംഗത്തെത്തുമെന്ന് നടി ഹണി റോസ്.

ഒരു അഭിനേത്രി എന്ന നിലയിൽ തന്നെ വിളിക്കുന്ന ചടങ്ങുകൾക്ക് പോകുന്നത് തന്റെ ജോലിയുടെ ഭാഗമാണ്. ഇന്ത്യയിലെ നിയമ സംവിധാനം അനുവദിക്കാത്ത ഒരു വസ്ത്രവും ധരിച്ച് താൻ പൊതുവേദിയിൽ എത്തിയിട്ടില്ല.

തന്റെ വസ്ത്രധാരണത്തെക്കുറിച്ചോ തന്നെക്കുറിച്ചോ ക്രിയാത്മകമായോ സർഗാത്മകമായോ വിമർശിക്കുന്നതിലും തമാശ ഉണ്ടാക്കുന്നതിലും വിരോധം ഇല്ല. പക്ഷേ അത്തരം പരാമർശങ്ങൾക്ക് ഒരു റീസണബിൾ റെസ്ട്രിക്ഷൻ വരണമെന്ന് വിശ്വസിക്കുന്നെന്ന് പുതിയ സോഷ്യൽ മീഡിയ പോസ്റ്റിലൂടെ ഹണി റോസ് പറഞ്ഞു.

ഒരിക്കൽകൂടി പറയുന്നു, സമൂഹമാധ്യമങ്ങളിലെ അസഭ്യ അശ്ലീല ഭാഷാപണ്ഡിതമന്യന്മാരേ, നിങ്ങളോട് അതേ അവസ്ഥയിൽ കടന്നുപോകുന്ന എല്ലാ സ്ത്രീകൾക്കും വേണ്ടി ഹണി റോസ് എന്ന ഞാൻ യുദ്ധം പ്രഖ്യാപിക്കുന്നുവെന്നാണ് ഹണി പറയുന്നത്.

## വികസനത്തിന്റെ സ്വാദ് എല്ലാവരും അനുഭവിക്കണം: മുഖ്യമന്ത്രി

തിരുവനന്തപുരം: വികസനത്തിന്റെ സ്വാദ് എല്ലാവരും അനുഭവിക്കണമെന്നും എല്ലാവരുമതിന്റെ രുചിയറിയണമെങ്കിൽ സാമൂഹ്യ നീതിയിൽ അധിഷ്ഠിതമായ വികസനമായിരിക്കണം നടപ്പിലാകേണ്ടതെന്നും മുഖ്യമന്ത്രി പിണറായി വിജയൻ.തിരുവനന്തപുരം ശ്രീകാര്യത്ത് മേൽപ്പാലത്തിന്റെ നിർമാണ ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.ശ്രീകാര്യത്ത് അനുഭവപ്പെടുന്ന ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരം വേണമെന്നാണ് നാട് ആഗ്രഹിക്കുന്നത്. അതോടൊപ്പം തലസ്ഥാന നഗരിയുടെ വികസനവുമായി ബന്ധപ്പെട്ട് ചർച്ചചെയ്യപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ് ലൈറ്റ് മെട്രോ പദ്ധതി.അത്തരമൊരു പദ്ധതി നടപ്പിലാകുമ്പോൾ അതിൽ ശ്രീകാര്യത്തിന് പ്രധാന പങ്കുണ്ടാവുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് വേണ്ടി നടപ്പിലാക്കുന്ന ഏത് പദ്ധതിയായാലും അത് വരാനിരിക്കുന്ന ലൈറ്റ് മെട്രോയെക്കൂടി കണ്ടുകൊണ്ടുള്ളതാകണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. മന്ത്രി പി. എ. മുഹമ്മദ് റിയാസ് അധ്യക്ഷത വഹിച്ചു.535 മീറ്റർ നീളത്തിലാകും നാലുവരിപ്പാതയുള്ള പാലം നിർമിക്കുക. 7.5 മീറ്ററാണ് വീതി.ഇരുവശങ്ങളിലുമായി 5.5 മീറ്റർ വീതിയിൽ സർവീസ് റോഡുകൾ ഉണ്ടാകും. സർവീസ് റോഡിന് ഇരുവശത്തും 1.5 മീറ്റർ വീതിയിൽ ഫുട്പാത്ത് ഉണ്ടാകും. 18 മാസംകൊണ്ട് പണികൾ പൂർത്തിയാക്കും.

മന്ത്രിമാരായ കെ .എൻ. ബാലഗോപാൽ, ജി. ആർ. അനിൽ, വി. ശിവൻകുട്ടി, കടകംപള്ളി സുരേന്ദ്രൻ എംഎൽഎ, ഡെപ്യൂട്ടി മേയർ പി. കെ. രാജു, കെഎംആർഎൽ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബഹ്റ, ജില്ലാ കളക്ടർ അനു കുമാരി തുടങ്ങിയവർ സന്നിഹിതരായിരുന്നു.

## കരാർ നിയമനം

തിരുവനന്തപുരം പൂജപ്പുര എൽ.ബി.എസ് വനിതാ എൻജിനിയറിങ് കോളേജിൽ കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനിയറിങ് ഡിപ്പാർട്ട്മെന്റിൽ കരാർ അടിസ്ഥാനത്തിൽ അധ്യാപക ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകളിലെ നിയമനത്തിനായി ജനുവരി 9ന് എഴുത്തുപരീക്ഷയും അഭിമുഖവും നടത്തും. കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനിയറിങ്ങിൽ എ.ഐ.സി.ടി.ഇ അനുശാസിക്കുന്ന യോഗ്യതയുള്ളവർക്ക് അധ്യാപകർക്കുള്ള എഴുത്തുപരീക്ഷയിലും അഭിമുഖത്തിലും പങ്കെടുക്കാം. അപേക്ഷകൾ 8ന് വൈകിട്ട് നാലുമണിക്ക് മുമ്പ് ഠഠഠ.ഹയ േ.മര.ശി ൽ ഓൺലൈനായി സമർപ്പിക്കണം. അപേക്ഷകർ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം 9ന് രാവിലെ 09:30ന് കോളേജ് ഓഫീസിൽ ഹാജരാകണം.

## ഇവിഎം അട്ടിമറി ആരോപണം അടിസ്ഥാനരഹിതം: മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ

ന്യൂഡൽഹി: ഇവിഎം അട്ടിമറി ആരോപണം അടിസ്ഥാനരഹിതമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ. വോട്ടിംഗ് മെഷീൻ ആർക്കും ഹാക്ക് ചെയ്യാനാകില്ലെന്ന് അദ്ദേഹം പ്രതികരിച്ചു. ഡൽഹി തെരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിക്കാൻ വിളിച്ച വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു രാജീവ് കുമാർ. ഇവിഎം അട്ടിമറി സംബന്ധിച്ച ആരോപണങ്ങൾ വേദനിപ്പിച്ചു. ഇത്തരം കാര്യങ്ങളെക്കുറിച്ച് നല്ല ധാരണയുള്ളവരാണ് വോട്ടർമാർ. ചോദ്യം ചെയ്യാനുള്ള അവകാശം ജനാധിപത്യത്തിലുണ്ട്. എന്നാൽ അടിസ്ഥാനരഹിതമായ പ്രചാരണം ശരിയല്ല. തെരഞ്ഞെടുപ്പുകൾ എല്ലാം സുതാര്യമാണ്. വോട്ടെടുപ്പിന് മുമ്പും ശേഷവും ഇവിഎം പരിശോധിക്കുന്നുണ്ട്. വോട്ടർപട്ടികയിൽ ആളുകളെ ചേർക്കുന്നതും ഒഴിവാക്കുന്നതും ചട്ടപ്രകാരമാണെന്നും അദ്ദേഹം അറിയിച്ചു. അതേസമയം തന്റെ അവസാനത്തെ വാർത്താസമ്മേളനമാണിതെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം വിരമിക്കൽ പ്രഖ്യാപനവും നടത്തി. അടുത്ത അഞ്ച് മാസം ഹിമാലയത്തിൽ ധ്യാനമിരിക്കാനാണ് തന്റെ തീരുമാനം. അതിന് ശേഷം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ മുഴുകുമെന്നും അദ്ദേഹം അറിയിച്ചു.

## കലൂർ അപകടം; ഓസ്കർ ഇവൻറ്സ് ഉടമ പിടിയിൽ

കൊച്ചി: കലൂർ സ്റ്റേഡിയത്തിലെ നൃത്തപരിപാടിക്കിടെ ഉമ തോമസ് എംഎൽഎയ്ക്ക് വീണ് പരിക്കേറ്റ സംഭവത്തിൽ ഒരാൾ കൂടി അറസ്റ്റിൽ. ഓസ്കർ ഇവൻറ്സ് ഉടമ പി.എസ്.ജനീഷ് ആണ് പിടിയിലായത്.

കേസിൽ മൂന്നാം പ്രതിയാണ് ജനീഷ്. നേരത്തെ മുൻകൂർ ജാമ്യാപേക്ഷ നൽകിയിരുന്നെങ്കിലും കീഴടങ്ങാൻ കോടതി ആവശ്യപ്പെടുകയായിരുന്നു. കേസിൽ ഒന്നാം പ്രതിയായ നിഘോഷ് കുമാർ കോടതിയുടെ നിർദേശം പാലിച്ച് പോലീസിനു മുൻപിൽ കീഴടങ്ങിയിരുന്നു.

എന്നാൽ, ആരോഗ്യപ്രശ്നങ്ങളുണ്ടെന്ന് കാണിച്ച് ജനീഷ് കീഴടങ്ങാനാകില്ലെന്ന് അറിയിക്കുകയായിരുന്നു. തുടർന്ന് തൃശൂരിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടുകയും ചെയ്തു. ഇന്നു രാവിലെ ചികിത്സ കഴിഞ്ഞ് ആശുപത്രി വിടുംമുൻപാണ് ജനീഷിനെ പോലീസ് അറസ്റ്റ് ചെയ്തത്.

പ്രതിയെ പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ എത്തിച്ചിട്ടുണ്ട്. ഇയാളെ ചോദ്യം ചെയ്തുവരികയാണ്. ഇന്നു വൈകീട്ട് കോടതിയിൽ ഹാജരാക്കും.

## പുല്ലുപാറ അപകടം; ബസിന്റെ ബ്രേക്കിന് തകരാർ ഇല്ലെന്ന് മോട്ടോർ വാഹന വകുപ്പ്

ഇടുക്കി: പുല്ലുപാറയിൽ കെഎസ്ആർടിസി ബസ് താഴ്ചയിലേക്ക് മറിഞ്ഞ് നാല് പേർ മരിച്ച അപകടത്തിൽ വാഹനത്തിന്റെ ബ്രേക്കിന് തകരാർ ഇല്ലെന്ന് മോട്ടോർ വാഹന വകുപ്പ്. വാഹനത്തിൽ സ്പീഡ് ഗവർണർ ഉണ്ടായിരുന്നെന്നും എംവിഡി അറിയിച്ചു.

ഇടുക്കി എൻഫോഴ്സ്മെൻറ് ആർടിഒ കെ.കെ.രാജീവ്, വണ്ടിപ്പെരിയാർ ജോയിൻറ് ആർടിഒ ടി.എം.ഇബ്രാഹിംകുട്ടി എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് പരിശോധന നടത്തിയത്.

തിങ്കളാഴ്ച രാത്രി തന്നെ അപകടസ്ഥലത്തുനിന്ന് ബസ് ക്രെയിൻ ഉപയോഗിച്ച് ഉയർത്തിയിരുന്നു.

കെഎസ്ആർടിസി ഡിപ്പോയിലേക്ക് മാറ്റി ബസ് വിശദമായ പരിശോധനയ്ക്ക് വിധേയമാക്കും.

കുറഞ്ഞ ഗിയറിലാണോ ബസ് ഇറക്കം ഇറങ്ങിവന്നതെന്ന് അടക്കമുള്ള കാര്യങ്ങൾ പരിശോധിക്കും.

കുട്ടിക്കാനം പുല്ലുപാറ കള്ളിവയലിൽ എസ്റ്റേറ്റിനു സമീപം തിങ്കളാഴ്ച രാവിലെ ആറോടെയായിരുന്നു അപകടമുണ്ടായത്.

മാവേലിക്കര സ്വദേശികളായ നാലുപേരാണ് മരിച്ചത്. ബസിന്റെ ബ്രേക്ക് പോയി നിയന്ത്രണം നഷ്ടമായതാണ് അപകടത്തിനു കാരണമായതെന്നായിരുന്നു ഡ്രൈവറുടെ മൊഴി.

## ആസാമിലെ ഖനിക്കുള്ളിൽ തൊഴിലാളികൾ കുടുങ്ങിയ സംഭവം; രക്ഷാപ്രവർത്തനത്തിന് സൈന്യമെത്തി

ഗോഹട്ടി: ആസാമിലെ കൽക്കരി ഖനിക്കുള്ളിൽ കുടുങ്ങിയവരെ രക്ഷിക്കാൻ സൈന്യം രംഗത്ത്. ഖനിക്കുള്ളിലേക്ക് ഇറങ്ങിയാണ് സൈന്യം രക്ഷാപ്രവർത്തനം നടത്തുന്നത്.

18 തൊഴിലാളികളാണ് ഖനിക്കുള്ളിൽ കുടുങ്ങിക്കിടക്കുന്നത്. ഇതിൽ മൂന്ന് പേർ മരിച്ചതായും റിപ്പോർട്ടുകൾ പുറത്തുവരുന്നുണ്ട്.

ദിമാ ഹസാവോ ജില്ലയിലെ ഉമറാംഗ്സോയിലുള്ള ഖനിയിലാണ് അപകടമുണ്ടായത്.ഖനിക്കുള്ളിൽ വെള്ളം കയറിയതോടെയാണ് തൊഴിലാളികൾ കുടുങ്ങിയത്.മൂന്നുറടിയോളം ആഴമുള്ള ഖനിയിലാണ് തൊഴിലാളികൾ കുടുങ്ങിക്കിടക്കുന്നത്. ഇതിൽ നൂറടി താഴ്ചയിൽ വരെ വെള്ളമെത്തിയിട്ടുണ്ടെന്നും അധികൃതർ പറഞ്ഞു.

യന്ത്രസഹായമില്ലാതെ മൺവെട്ടികളടക്കം ഉപയോഗിച്ച് ചെറിയ ദ്വാരമുണ്ടാക്കി അകത്തുകടക്കുകയും കൽക്കരി നിക്ഷേപം കാണുന്നതുവരെ കുഴിച്ച് ചെല്ലുന്നതുമായ ഖനനരീതിയാണ് ഇവിടങ്ങളിലുള്ളത്.റാറ്റ് ഹോൾ മൈനിംഗ് എന്ന പേരിലറിയപ്പെടുന്ന ഇത്തരം ഖനനരീതി രാജ്യത്ത് നിരോധിച്ചതാണ്.

## ഉത്തരസൂചിക പ്രസിദ്ധീകരിച്ചു

ജനുവരി 05 ന് കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തിയ 2024 അധ്യയന വർഷത്തെ ബി.ഫാം (ലാറ്ററൽ എൻട്രി) പ്രവേശനത്തിനുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷയുടെ ഉത്തര സൂചിക പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. വിശദ വിവരങ്ങൾക്ക്: www.cee.kerala.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപനം കാണുക.

## ഡൽഹിയിലെ ജനങ്ങൾ കോൺഗ്രസ് അധികാരത്തിലെത്തണമെന്ന് ആഗ്രഹിക്കുന്നു:അഭിഷേക് ദത്ത്

ന്യൂഡൽഹി: നിയമസഭ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് വിജയിക്കണമെന്നാണ് ഡൽഹിയിലെ ജനങ്ങൾ ആഗ്രഹിക്കുന്നതെന്ന് കോൺഗ്രസ് നേതാവ് അഭിഷേക് ദത്ത്. കസ്തുർഭ നഗർ മണ്ഡലത്തിലെ സ്ഥാനാർഥിയാണ് അഭിഷേക്. 'ഡൽഹിയിലെ ജനങ്ങൾ കോൺഗ്രസിന് അനുകുലമായി വിധിയെഴുതും. കോൺഗ്രസ് സർക്കാർ അധികാരത്തിലുള്ള സമയത്താണ് ഡൽഹിയിൽ വികസനം നടന്നിട്ടുള്ളത്. ഇതറിയാവുന്ന ജനങ്ങൾ കോൺഗ്രസ് അധികാരത്തിലെത്തണമെന്ന് ആഗ്രഹിക്കുന്നു.' അഭിഷേക് ദത്ത് പറഞ്ഞു.

ജനവിരുദ്ധ സർക്കാരാണ് ഡൽഹിയിൽ അധികാരത്തിലുള്ളതെന്നും അഭിഷേക് കുറ്റപ്പെടുത്തി. ആംആദ്മി പാർട്ടി ഡൽഹിയിലെ ജനങ്ങളെ വഞ്ചിച്ചുവെന്നും അദ്ദേഹം പറഞ്ഞു. ആംആദ്മി പാർട്ടി ജയിച്ചാൽ ആര് മുഖ്യമന്ത്രി ആകുമെന്ന കാര്യത്തിൽ അവർക്ക് പോലും ധാരണയില്ലെന്നും അഭിഷേക് പരിഹസിച്ചു.

ഫെബ്രുവരി അഞ്ചിനാണ് ഡൽഹിയിൽ വോട്ടെടുപ്പ്. എട്ടിനാണ് വോട്ടെണ്ണൽ.

## വാക്ക്-ഇൻ ഇന്റർവ്യൂ

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ കരാറടിസ്ഥാനത്തിൽ സൈക്കോളജിസ്റ്റിനെ നിയമിക്കുന്നതിന് ജനുവരി 14 ന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. വിശദവിവരങ്ങൾ www.rcctvm.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

# സംസ്ഥാന സ്കൂൾ കലോത്സവം നാടകങ്ങളിൽ വൈവിധ്യങ്ങളുടെ അയ്യര് കളി

തിരുവനന്തപുരം: ചരിത്രവും രാഷ്ട്രീയവും സമകാലീന സംഭവങ്ങളും നിറഞ്ഞു നിന്ന പ്രമേയങ്ങളുമായി സംസ്ഥാന സ്കൂൾ കലോത്സവത്തിലെ എച്ച്എസ്എസ് വിഭാഗം നാടക മത്സരങ്ങൾ. നാടിറങ്ങുന്ന കാട്ടാനകൾ, ആമയിഴഞ്ചാൻ തോട്ടിൽ വീണു മരിച്ച ജോയ്, ഗുസ്തി താരം വിനേഷ് ഫഗോട്ട്, അയ്യങ്കാളി പട എന്നിങ്ങനെ വ്യത്യസ്തവും പ്രസക്തവുമായ കഥാപാത്രങ്ങളുമായി എത്തിയ മികവാർന്ന നാടകങ്ങൾക്കാണ് കലോത്സവ വേദിയായ ടാഗോർ തിയറ്റർ സാക്ഷ്യം വഹിച്ചത്. നിറഞ്ഞു കവിഞ്ഞ സദസിനു മുന്നിൽ മാറ്റുരച്ച ഓരോ അഭിനയ മികവിനും കൈയടി ഉയർന്നു കൊണ്ടേയിരുന്നു. രാവിലെ തുടങ്ങിയ മത്സരം രാത്രിയിലേക്കു നീണ്ടിട്ടും ഒഴിയുന്ന കസേരകൾ നിമിഷ നേരം കൊണ്ട് നിറഞ്ഞു. ആമയിഴഞ്ചാൻ തോട്ടിൽ വീണു മരിച്ച ജോയി എന്ന ശുചീകരണ തൊഴിലാളിയുടെ കഥ പറഞ്ഞ 'കക്കൂസ് ' എന്ന നാടകം ശുചീകരണ തൊഴിലാളികൾ നേരിടുന്ന അടിച്ചമർത്തലും അരികുവത്കരണവുമാണ് ചർച്ച ചെയ്തത്. മത്സരത്തിൽ എ ഗ്രേഡും നാടകം നേടി.നാടേറുന്ന കാട്ടാനകളുടെ കഥ പറഞ്ഞ 'ഏറ്റം ' വനനശീകരണവും വന്യമൃഗങ്ങൾ നേരിടുന്ന ചൂഷണങ്ങളും സ്റ്റേജിൽ അവതരിപ്പിച്ചു. നാടകത്തിന് എ ഗ്രേഡും ലഭിച്ചു. ഒളിമ്പ്യൻ വിനേഷ് ഫഗോട്ട് കഥാപാത്രമായി എത്തിയ ഫൈറ്റർ എന്ന നാടകം, പോരാട്ട വീര്യത്തിന്റെയും സാമൂഹ അടിച്ചമർത്തലുകളുടെയും കഥ പറഞ്ഞു. അയ്യങ്കാളി പടയുടേയും അതിന് നേതൃത്വം നൽകിയ നാലംഗ സംഘത്തിന്റെയും കഥ പറഞ്ഞ കയം കേരളത്തിന്റെ സമര ചരിത്രത്തിന്റെ ഓർമ്മപ്പെടുത്തലായി മാറി.

ഉജ്ജ്വല ബാല്യവും കടന്ന് സിനാഷയുടെ ഭാവന

തിരുവനന്തപുരം: കേരള സർക്കാരിന്റെ ഉജ്ജ്വലബാല്യം പുരസ്കാര ജേതാവും ചെറുപ്രായത്തിലേ ഇംഗ്ലീഷിലും മലയാളത്തിലും നിരവധി പുസ്തങ്ങളും എഴുതി ശ്രദ്ധേയയുമായ കാസർഗോഡുകാരി സിനാഷ സംസ്ഥാന സ്കൂൾ കലോത്സവത്തിലെ രചനാ മത്സരങ്ങളിലും നേട്ടം കൊയ്യുന്നു. സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ആദ്യമായാണ് കാസർഗോഡ് കാഞ്ഞങ്ങോട് ബല്ല ഈസ്റ്റ് സ്കൂളിലെ പന്ത്രണ്ടാം ക്ലാസ് വിദ്യാർഥിനിയായ സിനാഷ മത്സരിക്കുന്നത്. ഇന്നലെ നടന്ന മലയാളം കഥാരചന, കവിതാരചന മത്സരങ്ങളിൽ എ ഗ്രേഡ് കരസ്ഥമാക്കിയിരുന്നു. രചനാ മത്സരങ്ങൾ നടക്കുന്ന കടലുണ്ടിപ്പുഴ വേദിയിൽ ഇന്ന് ഹയർ സെക്കൻഡറി വിഭാഗം ഇംഗ്ലീഷ് കഥാരചന വിഭാഗത്തിലും മത്സരിച്ചിട്ടുണ്ട്. കലോത്സവ വേദിയിൽ ആദ്യമായിട്ടാണെങ്കില്ലും ചെറുപ്രായത്തിൽ തന്നെ നിരവധി പുസ്തകങ്ങൾ രചിക്കുകയും, പുരസ്കാരങ്ങൾ സ്വന്തമാക്കിയിട്ടുമുണ്ട് സിനാഷ. ഇംഗ്ലീഷിൽ ദി മിസ്റ്ററിയസ് ഫോറസ്റ്റ്, സോങ് ഓഫ് ദി റിവർ, എ ഗേൾ ആൻഡ് ദി ടൈഗേഴ്സ് എന്നിവയാണ് സിനാഷയുടെ കൃതികൾ. പൂവണിയുന്ന ഇലച്ചാർത്തുകൾ,കടലിന്റെ രഹസ്യം, ഒരു തളിരിലയും ഒരു തുള്ളി നിലാവും, ചെമ്പനീർപ്പൂക്കൾ, കാടും കനവും, പച്ച നിറമുള്ളവൾ എന്നിവയാണ് മലയാളത്തിൽ എഴുതിയ പ്രധാന കൃതികൾ. 2020ൽ സംസ്ഥാന സർക്കാരിന്റെ ഉജ്ജ്വല ബാല്യം പുരസ്കാരം നേടിയ സിനാഷ കോമൺ വെൽത്ത് സൊസൈറ്റി പുരസ്കാരം 2021,എൻ എൻ കക്കാട് പുരസ്കാരം ,മാധ്യമ കഥ പുരസ്കാരം, മഹാകവി ഉള്ളൂർ സ്മാരക കവിത പുരസ്കാരം 2022 എന്നിവയും സ്വന്തമാക്കിയിട്ടുണ്ട്. ചെറുപ്പത്തിലെ തന്നെ എഴുത്തിനോടുള്ള ഇഷ്ടവും അഭിരുചിയുമാണ് തന്നെ കലോത്സവ വേദിയിൽ എത്തിച്ചതെന്നും മാതാപിതാക്കൾ തന്നെയാണ് തന്റെ ഏറ്റവും വലിയ പ്രചോദനം എന്നും സിനാഷ പറയുന്നു. അച്ഛന്റെ ശബ്ദാനുകരണ പാഠം; മകനു മിമിക്രിയിൽ മിന്നും വിജയം തിരുവനന്തപുരം: അച്ഛന്റെ ശിക്ഷണത്തിൽ തുടർച്ചയായി മൂന്നാംതവണയും ശബ്ദാനുകരണത്തിൽ എ ഗ്രേഡ് കരസ്ഥമാക്കി കാട്ടാക്കട പി.ആർ. വില്യം സ്കൂളിലെ ശിവജിത്ത് ശിവൻ. എല്ലാവരും പതിവു ശബ്ദങ്ങൾ അനുകരിച്ചപ്പോൾ കുഞ്ഞിന്റെ കരച്ചിലും അമ്മയുടെ താരാട്ടുപാട്ടു കേട്ട് കരച്ചിൽ പതിയെ നിർത്തിയുറങ്ങുന്ന കുഞ്ഞിന്റെ ശബ്ദവും ഓമനതിങ്കൾ കിടാവോ.. എന്ന ടൈറ്റിലിൽ അവതരിപ്പിച്ചാണ് ശിവജിത്ത് കാണികളുടെ കൈയടി നേടിയത്. പഴയ കാലത്തെയും പുതിയ കാലത്തെയും പ്രകൃതിയിലെ ശബ്ദങ്ങളും ശിവജിത്തിന്റെ മാസ് ഐറ്റമായിരുന്നു. പഴയകാലത്ത് പ്രഭാതങ്ങളിൽ സുപ്രഭാതം കേട്ടിരുന്നെങ്കിൽ ഇപ്പോഴത്തെ പ്രഭാതം ഡിജെയാണെന്നും കുതിര സവാരിയുടെ കുളമ്പടിക്കും പകരം ബൈക്ക് റൈസിംഗ് ശബ്ദവും ചുറ്റികയുടെ ശബ്ദത്തിനു പകരം ഡ്രില്ലിംഗ് മെഷീന്റെശബ്ദവുമാണെന്നു ശബ്ദാനുകരണത്തിലൂടെ അവതരിപ്പിച്ചപ്പോൾ നിറഞ്ഞ കൈയടി. കലാകാരനായ ശിവൻ ഭാവനയുടെയും അശ്വതിയുടെയും മകനാണ് ശിവജിത്ത്. ചെറുപ്പം മുതലേ ശബ്ദാനുകരണത്തിൽ കമ്പമുണ്ടായിരുന്നു അച്ഛൻ ശിവൻ ഭാവനയുടെ പ്രോത്സാഹവനും പരിശീലനും കൂടിയായപ്പോൾ രണ്ടാം ക്ലാസ് മുതൽ മുതൽ നാലു വരെ ഉപജില്ലയിലും അഞ്ചു മുതൽ ഏഴു വരെ ജില്ലയിലു മിമിക്രിയിൽ ജേതാവായി. കഴിഞ്ഞ രണ്ടു വർഷമായി സംസ്ഥാന മേളയിൽ ഏ ഗ്രേഡ് നേടുന്നു.

ശ്രീയ ചുവടുവച്ചു, ചൂരൽമലയിലേക്ക് തിരുവനന്തപുരം: ചെന്ത്രാപ്പിന്നി ഗവ. ഹയർ സെക്കൻണ്ടറി സ്കൂളിലെ ഹൈസ്കൂൾ വിദ്യാർഥിനി ശ്രീയ ശരത് അവതരിപ്പിച്ച നാടോടി നൃത്തത്തിന് ഒരു പ്രത്യേകതയുണ്ട്. ചൂരൽമലയുടെ ദുരന്തം ഹൃദയത്തിൽ ഉൾക്കൊണ്ടാണ് ശ്രീയ നൃത്തം വച്ചത്. ചൂരൽമല പ്രമേയമാക്കിയപ്പോൾ തന്നെ അവിടം സന്ദർശിക്കണമെന്ന് ശ്രീയ നിശ്ചയിച്ചു. ദുരന്തഭൂമിയിൽ നേരിട്ടെത്തി അതിന്റെ തീവ്രത മനസിലാക്കി. ചൂരൽമല നിവാസികൾ അനുഭവിച്ച ദുരന്തത്തിന്റെ വേദന ഹൃദയത്തിലേറ്റി.

അത് നൃത്തത്തെ ഏറെ സഹായിച്ചെന്ന് ശ്രീയ പറഞ്ഞു. കലോത്സവ ഉദ്ഘാടന ചടങ്ങിൽ വെള്ളാർമല സ്കൂളിലെ കുട്ടികൾ അവതരിപ്പിച്ച സംഘനൃത്തം ചിട്ടപ്പെടുത്തിയ ജ്യോതിഷ് തെക്കേടത്താണ് വരികൾ ചിട്ടപ്പെടുത്തിയത്. അരുൺ രാജാണ് സംഗീതം. അരുൺ നമ്പലത്താണ് നൃത്ത സംവിധാനം നിർവഹിച്ചത്.

'തന്ത വൈബ് ' തോറ്റു,ആലിയ കൂൾ ! തിരുവനന്തപുരം: സമൂഹ മാധ്യമങ്ങളിൽ വൈറലാകാൻ 'ജെൻസി' യൂത്ത് കാട്ടിക്കൂട്ടുന്ന കോപ്രായങ്ങൾ രംഗത്തവതരിപ്പിക്കുമ്പോൾ അറ്റ്ലീസ്റ്റ് ഒരു കൂളിംഗ് ഗ്ലാസെങ്കിലും വേണ്ടേ...സംസ്ഥാന സ്കൂൾ കലോത്സവത്തിൽ മോണോ ആക്ടിൽ എ ഗ്രേഡ് സ്വന്തമാക്കിയ ആലിയയുടേതാണ് ചോദ്യം. കഴിഞ്ഞ വർഷം എറണാകുളം ജില്ല കലോത്സവത്തിൽ ഇതേ മോണോ ആക്ട് അവതരിപ്പിച്ചപ്പോൾ കൂളിംഗ് ഗ്ലാസ് ഉപയോഗിച്ചെന്ന് ആരോപിച്ച് ആലിയയ്ക്ക് മൂന്നാം സ്ഥാനമായിരുന്നു വിധികർത്താക്കൾ നൽകിയത്.

അന്ന് അവിടെ വച്ച് ആലിയ ഒരു ശപഥം ചെയ്തു. സംസ്ഥാന കലോത്സവത്തിൽ ഇതേ മോണോ ആക്ട് അവതരിപ്പിക്കും...കൂളിംഗ് ഗ്ലാസും വയ്ക്കും..എ ഗ്രേഡും തൂക്കും... ആ ശപഥം ഇന്നലെ വിജയകരമായി നിറവേറ്റപ്പെട്ടതോടെ പറവൂർ നോർത്ത് എസ്എൻഎച്ച്എസ്എസിലെ പ്ലസ് ടു വിദ്യാർഥിയായ ആലിയ ഇപ്പോൾ കൂളാണ്... ഒപ്പം അമ്മയുടെ സ്വപ്നം സാക്ഷാത്കരിക്കാനായതിന്റെ സന്തോഷം വേറെ; സംസ്ഥാന സ്കൂൾ കലോത്സവവേദിയിൽ ചിലങ്ക അണിയുകയെന്നത് ആലിയയുടെ അമ്മ അമ്പിളിയുടെ ചെറുപ്പകാലം മുതലുള്ള ആഗ്രഹമായിരുന്നു.

എറണാകുളം ജില്ല കലോത്സവത്തിൽ ഭരതനാട്യത്തിൽ ഒന്നാം സ്ഥാനവും നേടിയെങ്കിലും സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കാൻ യാഥാസ്ഥിക ചിന്താഗതിക്കാരായ മാതാപിതാക്കൾ അനുവദിച്ചില്ല. അമ്മ ഇതു പറയുമ്പോൾ 'തന്ത വൈബ്' കാരണം പണികിട്ടിയെന്ന് പറഞ്ഞ് ആലിയ ചിരിച്ചു. എച്ച്എസ്എസ് വിഭാഗം പെൺകുട്ടികളുടെ മോണാ ആക്ട് മത്സരത്തിൽ മകൾ എൻ.കെ ആലിയ എ ഗ്രേഡ് നേടിയപ്പോൾ അങ്ങനെ അമ്മ അമ്പിളിയും താരമായി.

# എച്ച്എംപിവി വ്യാപനം: തമിഴ്നാട്ടിലെ നീലഗിരി ജില്ലയിൽ മാസ്ക് നിർബന്ധമാക്കി

ചെന്നൈ: രാജ്യത്ത് എച്ച്എംപിവി വൈറസ് വ്യാപിക്കുന്ന സാഹചര്യത്തിൽ തമിഴ്നാട്ടിലെ നീലഗിരി ജില്ലയിൽ മാസ്ക് നിർബന്ധമാക്കി. വിനോദസഞ്ചാരികൾ കൂടുതലായി വരുന്ന സമയമായതിനാലാണ് നടപടിയെന്ന് ജില്ലാ കളക്ടർ പറഞ്ഞു. കേരള കർണാടക അതിർത്തിയിൽ നിരീക്ഷണം കർശനമാക്കുമെന്നും കളക്ടർ വ്യക്തമാക്കി.

രാജ്യത്ത് എച്ച്എംപിവി വൈറസ് സ്ഥിരീകരിച്ചവരുടെ എണ്ണം എട്ടായി ഉയർന്നു. അതേസമയം, ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നാണ് കേന്ദ്ര ആരോഗ്യമന്ത്രാലയം വ്യക്തമാക്കിയിട്ടുള്ളത്. ബോധവൽക്കരണവും നിരീക്ഷണവും ശക്തമാക്കാൻ സംസ്ഥാനങ്ങൾക്ക് നിർദേശം നൽകി.

മഹാരാഷ്ട്രയിൽ എഴ്, 13 വയസ് പ്രായമുള്ള കുട്ടികൾക്കും കർണാടക, തമിഴ്നാട് എന്നിവിടങ്ങളിൽ 2 വീതം കേസുകളും, ഗുജറാത്തിലും കൊൽക്കത്തയിലും ഒരോ കേസുകൾ വീതവുമാണ് ഇതുവരെ സ്ഥിരീകരിച്ചത്. ആരുടെയും നില ഗുരുതരമല്ല. പലരും രോഗമുക്തരായി ആശുപത്രി വിട്ടു. ഇവരുടെ സാമ്പിൾ ജനിതക ശ്രേണീ പരിശോധനയ്ക്കയച്ചു. ഡൽഹിയിലടക്കം രോഗലക്ഷണങ്ങളുമായി ചികിത്സ തേടിയവരുടെ സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. കൂടുതൽ പേർക്ക് രോഗം സ്ഥിരീകരിച്ച സാഹചര്യത്തിലാണ് കേന്ദ്ര ആരോഗ്യമന്ത്രാലം യോഗം വിളിച്ചിരുന്നു.കേന്ദ്ര സർക്കാർ സ്ഥാപന മേധാവികളും വിവിധ സംസ്ഥാനങ്ങളിലെ പ്രതിനിധികളും യോഗത്തിൽ പങ്കെടുത്തു. സംസ്ഥാനങ്ങൾ നൽകിയ വിവരങ്ങളും, ഐസിഎംആറിന്റെ വിവരങ്ങളും പരിശോധിച്ചതിൽ രാജ്യത്ത് അസ്വാഭാവിക രോഗ വ്യാപനം ഇല്ലെന്നാണ് വിലയിരുത്തൽ. ആശങ്കപ്പെടേണ്ട സാഹചര്യം നിലവിലില്ല, പരിശോധന നടപടികൾ ഊർജിതമാക്കി.

ബോധവൽക്കരണവും, നിരീക്ഷണവും ശക്തമാക്കാനും സംസ്ഥാനങ്ങൾക്ക് നിർദേശം നൽകി. സാഹചര്യം സൂക്ഷ്മമായി നിരീക്ഷിക്കുകയാണെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നദ്ദ പറഞ്ഞു.

# വത്തിക്കാൻ കാര്യാലയത്തിന്റെ അധ്യക്ഷയായി വനിത

വത്തിക്കാൻ സിറ്റി: സമർപ്പിത സമൂഹങ്ങൾക്കുവേണ്ടിയുള്ള വത്തിക്കാൻ കൂരിയയിലെ കാര്യാലയത്തിന്റെ (ഡിക്കാസ്റ്ററി) പ്രീഫെക്ടായി സിസ്റ്റർ സിമോണ ബ്രാംബില്ലയെ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. ഇറ്റലിക്കാരിയാണ് സിസ്റ്റർ സിമോണ.

ചരിത്രത്തിൽ ആദ്യമായാണ് വത്തിക്കാൻ കാര്യാലയത്തിന്റെ തലപ്പത്ത് ഒരു വനിത നിയമിതയാകുന്നത്. പ്രോപ്രീഫെക്ടായി സ്പെയിൻകാരനായ കർദിനാൾ എംഗൽ ഫെർണാണ്ടസ് ആർതിമേ എസ്ഡിബിയും നിയമിതനായി.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൊൺസൊലാത്ത മിഷണറീസ് എന്ന സന്യാസസമൂഹത്തിൽ അംഗമായ സിസ്റ്റർ സിമോണ ഈ കാര്യാലയത്തിന്റെ അംഗമായി 2019 മുതലും സെക്രട്ടറിയായി 2023 മുതലും പ്രവർത്തിച്ചുവരികയായിരുന്നു. അറുപതുകാരിയായ സിസ്റ്റർ സിമോണ സന്യാസസമൂഹത്തിന്റെ സുപ്പീരിയർ ജനറലായും പ്രവർത്തിച്ചിട്ടുണ്ട്.

മൊസാംബിക്കിൽ പ്രേഷിതപ്രവർത്തനം നടത്തിയിട്ടുള്ള സിസ്റ്റർ നഴ്സിംഗ് ജോലി ഉപേക്ഷിച്ച് സന്യാസം തെരഞ്ഞെടുത്ത വ്യക്തിയാണ്.

സലേഷ്യൻ സന്യാസസമൂഹത്തിന്റെ സുപ്പീരിയർ ജനറലായിരിക്കേ, 2023ൽ കർദിനാളായി നാമനിർദേശം ചെയ്യപ്പെട്ട ആർതിമേ (65) അതേ വർഷം മുതൽ ഈ കാര്യാലയത്തിൽ അംഗമായിരുന്നു.

ഫ്രാൻസിസ് മാർപാപ്പയുടെ ഭരണപരിഷ്കാരങ്ങളിൽ പ്രധാനപ്പെട്ട ഒന്ന് വത്തിക്കാൻ കാര്യാലയങ്ങളിൽ കൂടുതൽ വനിതകളെ നിയമിക്കുകയെന്നതാണ്. വിവിധ വത്തിക്കാൻ ഓഫീസുകളിലെ സ്ത്രീപ്രാതിനിധ്യം 20132023 കാലയളവിൽ 19.2ൽനിന്ന് 23.4 ശതമാനമായി ഉയർന്നിട്ടുണ്ട്.

റോമൻ കൂരിയയുടെ പരിഷ്കരണം സംബന്ധിച്ച് 2022ൽ പുറത്തിറക്കിയ 'പ്രെദിക്കാത്തേ എവാൻഗെലിയും' എന്ന രേഖയനുസരിച്ച് മേലിൽ വത്തിക്കാൻ കാര്യാലയങ്ങളുടെ അധ്യക്ഷസ്ഥാനത്തേക്ക് സ്ത്രീകളുൾപ്പെടെയുള്ള അല്മായരെയും നിയമിക്കാവുന്നതാണ്.

നേരത്തേ ആർച്ച്ബിഷപ്പുമാരോ കർദിനാൾമാരോ മാത്രമാണു പ്രീഫെക്ടുമാരായി നിയമിതരായിട്ടുള്ളത്.

# കണ്ണപുരം റിജിത്ത് വധം: ഒമ്പത് ബിജെപി ആർഎസ്എസ് പ്രവർത്തകർക്ക് ജീവപര്യന്തം

കണ്ണൂർ: കണ്ണപുരം ചുണ്ടയിൽ സിപിഎം ബ്രാഞ്ച് കമ്മിറ്റി അംഗം അലിച്ചി ഹൗസിൽ റിജിത്ത് ശങ്കരനെ (25) കൊലപ്പെടുത്തിയ കേസിൽ മുഴുവൻ പ്രതികൾക്കും ജീവപര്യന്തം.
തലശേരി അഡീഷണൽ സെഷൻസ് കോടതി കുറ്റക്കാരെന്ന് കണ്ടെത്തിയ ഒമ്പത് ആർഎസ്എസ് ബിജെപി പ്രവർത്തകർക്കുമാണ് ജീവപര്യന്തം ശിക്ഷ വിധിച്ചത്. കണ്ണപുരം ചുണ്ട വയക്കോടൻ വീട്ടിൽ വി.വി. സുധാകരൻ (56), കോത്തില താഴെവീട്ടിൽ ജയേഷ് (39), ചാങ്കുളത്ത് പറമ്പിൽ സി.പി. രഞ്ജിത്ത് (42), പുതിയപുരയിൽ പി.പി. അജീന്ദ്രൻ (50), ഇല്ലിക്കവളപ്പിൽ ഐ.വി. അനിൽകുമാർ (51), പുതിയപുരയിൽ പി.പി. രാജേഷ്, കണ്ണപുരം ഇടക്കേപ്പുറം വടക്കേവീട്ടിൽ വി.വി. ശ്രീകാന്ത് (46), സഹോദരൻ വി.വി. ശ്രീജിത്ത് (42), തെക്കേവീട്ടിൽ ടി.വി. ഭാസ്കരൻ (62) എന്നിവരാണു ജീവപര്യന്തം ശിക്ഷ അനുഭവിക്കേണ്ടത്. മൂന്നാം പ്രതി കോത്തില താഴെവീട്ടിൽ അജേഷ് വിചാരണയ്ക്കു മുൻപു മരിച്ചിരുന്നു.2005 ഒക്ടോബർ രണ്ടിന് രാത്രി ചുണ്ട തച്ചൻക്കണ്ടി ക്ഷേത്രത്തിനടുത്ത് വെച്ച് സുഹൃത്തുക്കൾക്കൊപ്പം നടന്ന് പോവുന്നതിനിടയിലാണ് പ്രതികൾ ഡിവൈഎഫ്ഐ പ്രവർത്തകനായ കണ്ണപുരത്തെ അരക്കൻ വീട്ടിൽ റിജിത്തിനെ(26) വെട്ടി കൊലപ്പെടുത്തിയത്. കൂടെയുണ്ടായ ഡിവൈഎഫ്ഐ പ്രവർത്തകരായ കെ.വി. നികേഷ്, ചിറയിൽ വികാസ്, കെ. വിമൽ തുടങ്ങിയവർക്ക് വെട്ടേറ്റിരുന്നു.

# വിട്ടയയ്ക്കാനുദ്ദേശിക്കുന്ന ബന്ദികളുടെ പട്ടിക ഹമാസ് കൈമാറി

ടെൽ അവീവ്: ഇസ്രയേലുമായുള്ള വെടിനിർത്തൽ കരാർ യാഥാർഥ്യമായാൽ വിട്ടയയ്ക്കാൻ തയാറാണെന്ന് അറിയിച്ച 34 ബന്ദികളുടെ പട്ടിക ഹമാസ് വാർത്താചാനലായ ബിബിസിക്കു കൈമാറി. വെടിനിർത്തൽ കരാറിന്റെ അന്തിമഘട്ടത്തിലാവും ഇവരെ സ്വതന്ത്രരാക്കുക.

10 സ്ത്രീകളും അന്പതിനും എൺപത്തഞ്ചിനും മധ്യേ പ്രായമുള്ള പുരുഷന്മാരും ഏതാനും കുട്ടികളും ഇതിലുൾപ്പെടുന്നുണ്ടെന്നാണു വിവരം.

ഈ കുട്ടികൾ ഇസ്രേലി വ്യോമാക്രമണത്തിൽ കൊല്ലപ്പെട്ടുവെന്നാണു ഹമാസ് നേരത്തേ അവകാശപ്പെട്ടിരുന്നത്. അസുഖബാധിതരെന്നു പറയപ്പെടുന്ന ബന്ദികളും പട്ടികയിലുണ്ട്. എന്നാൽ ആ പട്ടിക തങ്ങൾക്ക് ഹമാസ് കൈമാറിയിട്ടില്ലെന്നു ഇസ്രേലി പ്രധാനമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

കഴിഞ്ഞ ജൂലൈയിൽ ഇസ്രയേൽ ഇടനിലക്കാർ വഴി കൈമാറിയ പട്ടികയാണ് ഇപ്പോൾ മാധ്യമങ്ങളിലൂടെ പുറത്തുവന്നിരിക്കുന്നത്. നാളിതുവരെ ബന്ദികളുടെ അവസ്ഥയെക്കുറിച്ചുള്ള യാതൊരുവിധത്തിലുള്ള അറിയിപ്പും ഹമാസ് നൽകിയിട്ടില്ലെന്നും ഓഫീസ് അറിയിച്ചു.

ഇസ്രയേലിന് മേൽ അന്താരാഷ്ട്ര സമ്മർദം വർധിപ്പിക്കാനുള്ള ഹമാസിന്റെ ശ്രമത്തിന്റെ ഭാഗമാണു ഇപ്പോഴത്തെ വാഗ്ദാനം എന്നാണു പൊതുവേയുള്ള വിലയിരുത്തൽ. ഈയാഴ്ച ദോഹയിൽ ആരംഭിച്ച വെടിനിർത്തൽ ചർച്ചകളിൽ പുരോഗതിയില്ലെന്നാണു വിവരം.

ധാരണയിലെത്താൻ കഴിയാത്തത് ഇസ്രയേലിന്റെ തെറ്റാണെന്നാണു ഹമാസിന്റെ വാദം. ഇത് ഇസ്രയേൽ മുന്പും നിഷേധിച്ചിരുന്നു.

# മാർഗംകളിക്ക് മാർഗദീപമായി ജയിംസ് ആശാൻ

തിരുവനന്തപുരം: ഭവാനി നദി വേദിയിൽ ഹയർ സെക്കൻഡറി വിഭാഗത്തിന്റെ മാർഗംകളി മത്സരം പുരോഗമിക്കുമ്പോൾ പിരിമുറുക്കവുമായി വേദിക്ക് മുന്നിൽ നിൽക്കുകയായിരുന്നു കുട്ടികളുടെ സ്വന്തം ജയിംസ് ആശാൻ. അദ്ദേഹത്തിന്റെ ഈ പതിവ് ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല, വേദിക്കുമുന്നിലെ ഈ ഭാവമാറ്റങ്ങൾക്ക് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. 63ാമത് സംസ്ഥാന സ്കൂൾ കലോത്സവവേദിയിലും ആശാൻ പതിവ് തെറ്റിച്ചില്ല. തന്റെ ശിഷ്യർ വേദിയിൽ മത്സരിക്കുമ്പോൾ പലപ്പോഴും അവരുടെ പ്രകടനം കാണാൻ ആശാന് അവസരം കിട്ടാറില്ല. അടുത്തതായി മത്സരിക്കാനുള്ള ടീമുകളെ ഒരുക്കുന്ന തിരക്കിലാവും അപ്പോൾ ജയിംസ് ആശാൻ. ഈ വർഷം ഹയർസെക്കൻഡറി വിഭാഗത്തിൽ മാത്രം ആറ് ടീമുകളാണ് അദ്ദേഹത്തിന്റെ പരിശീലനത്തിൽ മത്സരിക്കാനെത്തിയത്.

ആദ്യദിനത്തിൽ ഹൈസ്കൂൾ വിഭാഗം മാർഗംകളി മത്സരത്തിലും ആശാന്റെ ശിക്ഷണം ലഭിച്ച നാല് ടീമുകളുണ്ടായിരുന്നു. നാല്പത് വർഷമായി മാർഗംകളി അധ്യാപനരംഗത്ത് താനുണ്ടെന്ന് ജയിംസ് ആശാൻ അഭിമാനത്തോടെ പറയുന്നു. തന്റെ ശിഷ്യന്മാരിന്ന് മാർഗംകളി പരിശീലകരായി മാറിയതിലുള്ള സന്തോഷവും അദ്ദേഹം പ്രകടിപ്പിച്ചു. 1985ൽ ആദ്യമായി മാർഗംകളി മത്സരം കലോത്സവത്തിൽ ഉൾപ്പെടുത്തണമെന്ന തീരുമാനമെടുക്കുന്ന 36 ആശാന്മാരിൽ താനും ഉൾപ്പെട്ടിരുന്നുവെന്ന് അദ്ദേഹം ഓർത്തെടുക്കുന്നു.

വിശുദ്ധ തോമാശ്ലീഹയുടെ ജീവിതമാണ് പതിനഞ്ച് പാദങ്ങളായി മാർഗംകളിയിൽ അവതരിപ്പിക്കുന്നത്. മാർഗംകളി പരിശീലനത്തിനായി വിദേശ രാജ്യങ്ങളിലും ജയിംസ് ആശാൻ പറന്നിറങ്ങിയിട്ടുണ്ട്. തന്റെ വിദ്യാർഥികളിൽ ഭൂരിഭാഗവും കലോത്സവങ്ങൾ ലക്ഷ്യമാക്കി പരിശീലനത്തിനെത്തുവരാണെന്നും ജയിംസ് ആശാൻ പറയുന്നു.

കാലത്തിന്റെ കുത്തൊഴുക്കിൽ പല കലകളും അന്യം നിന്ന് പോകുമ്പോൾ മാർഗംകളി നിലനിന്നു പോരുന്നതും കൂടുതൽ വിദ്യാർഥികൾ താത്പര്യത്തോടെ കലയെ അറിയാൻ ശ്രമിക്കുന്നതും ജെയിംസ് ആശാനെ പോലുള്ള മികച്ച അധ്യാപകരുടെ ആത്മാർഥ പരിശ്രമം കൊണ്ട് കൂടിയാണ്.

# തോൽവിക്കു പിന്നാലെ തിരിച്ചടി; റാങ്കിംഗിൽ താഴെവീണ് ഇന്ത്യ, മുന്നേറി ദക്ഷിണാഫ്രിക്ക

ദുബായി: ബോർഡർ ഗവാസ്കർ പരമ്പര അടിയറവച്ചതിനു പിന്നാലെ ടീം ഇന്ത്യയ്ക്ക് വീണ്ടും തിരിച്ചടി. പുതുക്കിയ ഐസിസി ടെസ്റ്റ് റാങ്കിംഗിൽ ഇന്ത്യ മൂന്നാം സ്ഥാനത്തേക്കു വീണു. 109 റേറ്റിംഗ് പോയിൻറാണ് ഇന്ത്യയ്ക്കുള്ളത്.

പരമ്പര ജയത്തിനു പിന്നാലെ 126 റേറ്റിംഗ് പോയിൻറുമായി ഓസ്ട്രേലിയ ഒന്നാം റാങ്ക് നിലനിർത്തിയപ്പോൾ പാക്കിസ്ഥാനെതിരായ പരമ്പര തൂത്തുവാരിയ ദക്ഷിണാഫ്രിക്ക ഇന്ത്യയെ മറികടന്ന് രണ്ടാം സ്ഥാനത്തെത്തി. 112 പോയിൻറുകളാണ് ദക്ഷിണാഫ്രിക്കയ്ക്കുള്ളത്. ഇതോടെ, ജൂൺ 11 മുതൽ 15 വരെ ലോർഡ്സിൽ നടക്കുന്ന ലോക ടെസ്റ്റ് ചാംപ്യൻഷിപ്പ് ഫൈനലിനുള്ള ചിത്രം വ്യക്തമായി.

ടെസ്റ്റ് റാങ്കിംഗിൽ ഇന്ത്യയ്ക്കു തൊട്ടുപിന്നിലായി നാലും അഞ്ചും സ്ഥാനങ്ങളിലുള്ളത് ഇംഗ്ലണ്ടും

ന്യൂസിലൻഡുമാണ്. ശ്രീലങ്ക ആറാം സ്ഥാനത്തും പാക്കിസ്ഥാൻ ഏഴാം സ്ഥാനത്തുമുണ്ട്. വെസ്റ്റ് ഇൻഡീസ്, ബംഗ്ലാദേശ്, അയർലൻഡ്, സിംബാബ്‌വെ, അഫ്ഗാനിസ്ഥാൻ എന്നിവരാണ് പിന്നാലെയുള്ള റാങ്കുകളിൽ. ടെസ്റ്റ് ബാറ്റർമാരുടെ റാങ്കിംഗിൽ ഇംഗ്ലണ്ട് താരം ജോ റൂട്ട് ഒന്നാം സ്ഥാനം നിലനിർത്തിയപ്പോൾ ഇംഗ്ലണ്ടിന്റെ തന്നെ ഹാരി ബ്രൂക്ക് ആണ് രണ്ടാമത്. ന്യൂസിലൻഡിന്റെ കെയ്ൻ വില്യംസൺ മൂന്നാം സ്ഥാനത്തേക്ക് എത്തി.

ഒരു സ്ഥാനം മെച്ചപ്പെടുത്തിയ ഇന്ത്യൻ താരം യശസ്വി ജയ്സ്വാൾ നാലാം സ്ഥാനത്തേക്ക് കയറിയപ്പോൾ അവസാന രണ്ട് ടെസ്റ്റുകളിൽ നിറംമങ്ങിയ ഓസീസ് താരം ട്രാവിസ് ഹെഡ് അഞ്ചാം സ്ഥാനത്തേക്ക് വീണു. പാക് നായകൻ സൗദ് ഷക്കീൽ, ഓസീസ് താരം സ്റ്റീവ് സ്മിത്ത്, കാമിന്ദു മെൻഡിസ്, ടെംപ ബാവുമ, ഡാരിൽ മിച്ചൽ എന്നിവർ യഥാക്രമം ആറു മുതൽ 10 വരെ സ്ഥാനത്തുണ്ട്.

മോശം ഫോമിൽ തുടരുന്ന വിരാട് കോഹ്‌ലി 24ാം സ്ഥാനത്തും നായകൻ രോഹിത് ശർമ 40ാം സ്ഥാനത്തുമാണ്. അതേസമയം, ബൗളർമാരുടെ റാങ്കിംഗിൽ ഇന്ത്യൻ പേസർ ജസ്പ്രീത് ബുംറ ഒന്നാമത് തുടരുകയാണ്.

# കായികമേളയിൽ സ്കൂളുകളെ വിലക്കിയ നടപടി പുനഃപരിശോധിക്കും: മന്ത്രി വി ശിവൻകുട്ടി

സംസ്ഥാന സ്കൂൾ കായികമേളയിൽ പങ്കെടുക്കുന്നതിൽ നിന്ന് രണ്ട് സ്കൂളുകളെ വിലക്കിയ നടപടി പുനഃപരിശോധിക്കുമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. സ്കൂൾ ഒളിമ്പിക്സിന്റെ സമാപന ചടങ്ങിലെ അതിരുവിട്ട പ്രതിഷേധ പ്രകടങ്ങളാണ് നടപടികളിലേക്കെത്തിച്ചത്. രണ്ട് സ്കൂളുകളും അന്വേഷണ കമ്മിഷൻ മുൻപാകെ കുറ്റം സമ്മതിച്ചിരുന്നു. പെട്ടെന്നുണ്ടായ വികാരത്തിന്മേലുണ്ടായ പ്രവർത്തിയിൽ അവർ ഖേദം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. നടപടികൾ ഒഴിവാക്കണമെന്ന സ്കൂളുകളുടെ അപേക്ഷ പരിഗണിക്കുമെന്നും വിദ്യാർത്ഥികളുടെ അവസരം നിഷേധിക്കില്ലെന്നും മന്ത്രി പറഞ്ഞു. വിദ്യാർത്ഥികളുടെ ഭാവി കണക്കിലെടുത്ത് കൂടിയാലോചനകൾക്ക് ശേഷം വിലക്ക് നീക്കുന്നതിൽ ഉചിതമായ തീരുമാനാമെടുക്കുമെന്നും മന്ത്രി വ്യക്തമാക്കി.

## മാർച്ച് 31 വരെ കുടിശിക അടയ്ക്കാം

കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾക്ക് നിബന്ധനകൾക്ക് വിധേയമായി അവസാന മൂന്ന് വർഷ കാലയളവ് വരെയുള്ള (കോവിഡ് കാലയളവ് ഒഴികെ) കുടിശിക അടയ്ക്കുന്നതിന് (9 ശതമാനം പലിശ ഉൾപ്പടെ) മാർച്ച് 31 വരെ സമയപരിധി അനുവദിച്ചു.

# നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം: ഓൺലൈൻ മത്സരങ്ങളുടെ ഫലം പ്രഖ്യാപിച്ചു

കേരള നിയമസഭാ അന്താരാഷ്ട്ര പുസ്പകോത്സവം മൂന്നാം പതിപ്പിന്റെ ഭാഗമായി സംഘടിപ്പിച്ച വിവിധ ഓൺലൈൻ മത്സരങ്ങളുടെ ഫലം പ്രഖ്യാപിച്ചു. പുസ്തകാസ്വാദനം ജൂനിയേഴ്സ് വിഭാഗത്തിൽ ലിയ സച്ചിൻ, ഭഗത് പി., ആദിലക്ഷ്മി ഇ.എസ്. എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. സീനിയേഴ്സ് വിഭാഗത്തിൽ ജിജി ജോർജ്, നിഷ കുമാരി റ്റി., അബ്ദുൽ ഷഫീക് എന്നിവരും മാസ്റ്റേഴ്സ് വിഭാഗത്തിൽ സ്മിത കെ. എ., രേഷ്മ കെ. കണ്ണൻ, രേവതി ശ്രീകുമാർ എന്നിവരും സമ്മാനത്തിനർഹരായി. പദ്യപാരായണം ജൂനിയേഴ്സ് വിഭാഗത്തിൽ ഹരി നാരായണൻ വി., അദ്വൈത സരുൺ, അൻസില സി. എന്നിവരും സീനിയേഴ്സ് വിഭാഗത്തിൽ ഗായത്രി, ഡോ. പാർവ്വതി വി., അനൈന കെ. എന്നിവരും മാസ്റ്റേഴ്സ് വിഭാഗത്തിൽ സുനിൽ ജോൺ എസ്., സുനിത ബീവി എ., ഡോ. ശ്യാം എം.എസ്. എന്നിവരും സമ്മാനത്തിനർഹരായി. ഒരു കഥ പറയാം സബ് ജൂനിയേഴ്സ് വിഭാഗത്തിൽ അന്ന തെരേസ റൂബി, പൂർണിമ ജഗത്, മുഹമ്മദ് അയാൻ പി. എന്നിവരും ജൂനിയേഴ്സ് വിഭാഗത്തിൽ റോസ് മരിയ സച്ചിൻ, മിന്ന രഞ്ജിത്ത്, ഗൗതം ഈശ്വർ എന്നിവരും സീനിയേഴ്സ് വിഭാഗത്തിൽ പ്രവീൺ ജോസഫ്, സാന്ദ്ര എസ്. വാര്യർ, അമൃത എൽ. എന്നിവരും മാസ്റ്റേഴ്സ് വിഭാഗത്തിൽ രേഷ്മ കെ. കണ്ണൻ, ശ്രീജ പ്രിയദർശനൻ, ദിവ്യ പി. നായർ എന്നിവരും ആദ്യ മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. കാർട്ടൂൺ മത്സരം ജൂനിയേഴ്സ് വിഭാഗത്തിൽ അനാമിക രാജീവ്, ഇയാൻ ഷെല്ലി, ജഗൻ രാജ് എന്നിവരും സീനിയേഴ്സ് വിഭാഗത്തിൽ അനൂപ് ശങ്കർ സി., അലീന ജേക്കബ്, ലുതുഫിയ എസ്. എന്നിവരും മാസ്റ്റേഴ്സ് വിഭാഗത്തിൽ എ. സതീഷ് കുമാർ, ഷാജി പി. എബ്രഹാം, സാബു തോമസ് എന്നിവരും സമ്മാനത്തിനർഹരായി. വിജയികൾക്കുള്ള സമ്മാനദാനം പുസ്തകോത്സവത്തിന്റെ അവസാന ദിനമായ 2025 ജനുവരി പതിമൂന്നാം തീയതി തിങ്കളാഴ്ച്ച ഉച്ചയ്ക്ക് 1 മുതൽ 2 മണി വരെ നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ വച്ച് നടക്കും.




കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായുള്ള കെ.എസ്.ആർ.ടി.സി സിറ്റി റൈഡ് ബസിന്റെ ഫ്ളാഗ് ഓഫ് ഗതാഗത വകുപ്പ് മന്ത്രി കെ. ബി. ഗണേഷ് കുമാർ നിർവഹിക്കുന്നു

# കാർഷിക യന്ത്രോപകരണങ്ങൾക്കുള്ള ഓൺലൈൻ അപേക്ഷ

കാർഷിക മേഖലയിൽ ചെലവ് കുറഞ്ഞ രീതിയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (എസ്.എം.എ.എം) പദ്ധതിയിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. വ്യക്തിഗത ഗുണഭോക്താക്കൾക്ക് 40% മുതൽ 60% വരെയും കർഷകരുടെ കൂട്ടായ്മകൾ, എസ്എച്ച്ജികൾ, എഫ്.പി.ഒകൾ, വ്യക്തികൾ, പഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതി തുകയുടെ 40 ശതമാനം സാമ്പത്തിക സഹായവും യന്ത്രവൽക്കരണ തോത് കുറവായ പ്രദേശങ്ങളിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് ഫാം മെഷിനറി ബാങ്കുകൾ സ്ഥാപിക്കുന്നതിന് കർഷക ഗ്രൂപ്പകൾക്ക് 10 ലക്ഷം രൂപയുടെ പദ്ധതിക്ക് പരമാവധി 80 ശതമാനം എന്ന നിരക്കിൽ 8 ലക്ഷം രൂപയും സാമ്പത്തിക സഹായം അനുവദിക്കും.

അപേക്ഷകൾ ഓൺലൈനായി ജനുവരി 15 മുതൽ http://agrimachinery.nic.in/index വെബ്സൈറ്റ് മുഖേന നൽകണം.പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയറുടെ കാര്യാലയം, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടിവ് എൻജിനീയറുടെ കാര്യാലയം, കൃഷിഭവൻ എന്നിവിടങ്ങളിൽ ബന്ധപ്പെടാം.

ഫോൺ: 0471-2306748, 0477-2266084, 0495-2725354. C-sa-bnÂ: smamkerala@gmail.com.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# തിരുവനന്തപുരം പുസ്തക തലസ്ഥാനമാകണം: മുഖ്യമന്ത്രി

## നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന് തുടക്കം; ഇനി ആറുനാൾ അനന്തപുരി പുസ്തക വസന്തത്തിന്റെ നിറവിൽ നിയമസഭാ പുരസ്‌കാരം എം. മുകുന്ദന് സമ്മാനിച്ചു

കേരളത്തിന്റെ തലസ്ഥാനത്തിന് പുസ്തക തലസ്ഥാനമാകാനുള്ള സർവയോഗ്യതയുമുണ്ടെന്നും ഇതിനായി യുനെസ്കോയ്ക്ക് നിയമസഭാ സ്പീക്കർ കത്തയയ്ക്കണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ (കെ എൽ ഐ ബി എഫ് ) മൂന്നാം പതിപ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

കോഴിക്കോട് ലോക സാഹിത്യനഗരി ആയതുപോലെ തിരുവനന്തപുരം യുനെസ്കോയുടെ വേൾഡ് ബുക്ക് ക്യാപിറ്റൽ സ്ഥാനത്തിന് അർഹമാകണം. യുനെസ്കോയ്ക്ക് ഓരോ വർഷവും ഓരോ നഗരത്തെ ലോക പുസ്തക തലസ്ഥാനമായി അംഗീകരിക്കുന്ന ഒരു പദ്ധതിയുണ്ട്. ഇന്ത്യയിലെ ഏതെങ്കിലുമൊരു നഗരത്തിന് യുണൈറ്റഡ് നേഷൻസിന്റെ പുസ്തക തലസ്ഥാനം 'വേൾഡ് ബുക്ക് ക്യാപിറ്റൽ' എന്ന പദവിക്ക് അർഹതയുണ്ടെങ്കിൽ ആദ്യം പരിഗണനയ്ക്ക് വരേണ്ടത് കേരളത്തിന്റെ നഗരങ്ങളാണ്.

യു എൻ രൂപീകൃതമായ 1945ൽതന്നെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിനു തുടക്കം കുറിച്ചവരാണ് നമ്മൾ. എം പി പോൾ എസ് പി സി എസ് രജിസ്റ്റർ ചെയ്യുന്നതും അന്നാണ്. നാഷണൽ ബുക് സ്റ്റാൾ തുറക്കുന്നതും അന്നാണ്. യു എന്നിന്റെ സമാരംഭത്തിൽ അക്ഷരവുമായി ബന്ധപ്പെട്ട ഒട്ടനവധി പ്രസ്ഥാനങ്ങൾ ആഘോഷപൂർവ്വം ആരംഭിച്ച ഈ കേരളത്തിന്റെ തലസ്ഥാനത്തിനു തന്നെയാണ് യുനെസ്കോയുടെ വേൾഡ് ബുക്ക് ക്യാപിറ്റൽ പദവി കിട്ടേണ്ടത്. അത് നേടിയെടുക്കുമെന്ന പ്രതിജ്ഞയോടെയാവണം ഈ അക്ഷരോത്സവത്തിന്റെ സമാരംഭം. പുസ്തകോത്സവ തലസ്ഥാനമാകാനുള്ള സർവയോഗ്യതയുമുള്ള തിരുവനന്തപുരം ലോക സാഹിത്യ ഉത്സവ ഭൂപടത്തിൽ അടയാളപ്പെടണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

പ്രൊഫ. ജോസഫ് മുണ്ടശ്ശേരി, തോപ്പിൽ ഭാസി, മുതൽ പ്രൊഫ. എം കെ സാനുവും കവി കടമ്മനിട്ട രാമകൃഷ്ണനും വരെ നിരവധി സാഹിത്യപ്രതിഭകൾ നിയമസഭയിൽ അംഗങ്ങളായിരുന്നിട്ടുണ്ട്. സഭയിൽ അംഗങ്ങളായിരുന്ന ഇ എം എസ്, അച്യുതമേനോൻ, പി ഗോവിന്ദപ്പിള്ള തുടങ്ങി ധാരാളം പ്രമുഖർ സാഹിത്യരംഗത്തുകൂടി സംഭാവനകൾ ചെയ്തവരാണ്. അതിനാൽ നിയമസഭാ പുസ്തകോത്സവത്തിന് പ്രത്യേകമായ ഔചിത്യ ഭംഗിയുണ്ട്. വായന മരിക്കുന്നു എന്നു ലോകത്തിന്റെ പല ഭാഗങ്ങളിലും പലരും പറഞ്ഞുകൊണ്ടിരുന്ന വേളയിൽ പോലും വായന തളിർക്കുന്ന അനുഭവം നിലനിന്ന നാടാണിത്. ബീഡി തെറുത്തുകൊണ്ടിരിക്കുമ്പോൾ പോലും പുസ്തകങ്ങൾ വായിച്ചു കേട്ടിരുന്നവരുടെ പൈതൃകമുണ്ട് നമുക്ക്.

കേരളത്തിൽ ഫിസിക്കൽ ബുക്ക് ഷോപ്പുകളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. ഇ-റീഡിങ് വന്നപ്പോൾ പോലും പുസ്തകം കൈയിലെടുത്ത് അതിന്റെ പുതുമയുടെ ഗന്ധം ആസ്വദിച്ചു വായിക്കണമെന്ന് ആഗ്രഹിക്കുന്നവരുടെ നാടാണിത്.

ഇന്ത്യയിൽ ആദ്യമായി പേപ്പർ ബാക്ക് ബുക്ക് വിപ്ലവം സാധ്യമാക്കിയ നാടാണിത്. പരമ്പരാഗതവും സാമ്പ്രദായികവുമായ എഴുത്തിന്റെ വഴികളിൽ നിന്നുമാറി രചനയിലും ആസ്വാദനത്തിലും പുതുവഴി വെട്ടിത്തുറന്ന എം മുകുന്ദന് ഇത്തവണത്തെ നിയമസഭാ പുരസ്ക്കാരം ലഭിച്ചതിൽ സന്തോഷമുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. മലയാള സർഗാത്മക സാഹിത്യത്തിന് നിസ്തുല സംഭാവന നൽകിയ എം മുകുന്ദന് മുഖ്യമന്ത്രി നിയമസഭാ പുരസ്കാരം സമ്മാനിച്ചു.

സാംസ്കാരിക മേഖലയിലെ അധിനിവേശങ്ങൾക്കും അരാജകചിന്തകൾക്കുമെതിരായ ചെറുത്തു നിൽപ്പാണ് കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവമെന്ന് അദ്ധ്യക്ഷനായിരുന്ന സ്പീക്കർ എ എൻ ഷംസീർ പറഞ്ഞു.

ആധുനിക ഇന്ത്യയിൽ മതേതരത്വം ചോദ്യം ചെയ്യപ്പെടുകയും വർഗീയത ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടക്കുകയും ചെയ്യുന്നു. സാംസ്കാരിക മേഖലയിലെ എല്ലാ തെറ്റായ പ്രവണതകൾക്കുമെതിരായ ചെറുത്തുനിൽപ്പാണ് പുസ്തകോത്സവം. നിർമിത ബുദ്ധിയുടെ കാലത്ത് ഏകാഗ്രത കുറഞ്ഞുവരുന്നുണ്ട്. സങ്കൽപങ്ങളുടെ അന്ത്യം എന്നാണ് ഈ കാലഘട്ടത്തെ വിശേഷിപ്പിക്കാനാവുക. ഡിജിറ്റൽ ഇടപെടലുകളും സമൂഹമാധ്യമങ്ങളും വായനയെ സ്വാധീനിക്കുന്നു. ഏകാഗ്രതയുടെ ദൈർഘ്യം കുറയുന്ന ഈ കാലത്ത് വായനയെ എങ്ങനെ തിരിച്ചു പിടിക്കാം എന്നു കൂടി കെ എൽ ഐ ബി എഫ് അന്വേഷിക്കുന്നുണ്ടെന്നും സ്പീക്കർ പറഞ്ഞു.

സംസ്കാര ഭാഷാ വൈവിധ്യങ്ങളെ ഉൾക്കൊള്ളുന്നതിൽ രാജ്യത്തിന് മാതൃകയായ കേരളം അറിവിന്റേയും പുരോഗതിയുടേയും അഗോളമുദ്രയാണെന്ന് മുഖ്യാതിഥിയായിരുന്ന കർണാടക സ്പീക്കർ യു. ടി ഖാദർ ഫരീദ് പറഞ്ഞു.

വിദ്യാഭ്യാസത്തേയും സാഹിത്യത്തേയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള കേരള നിയമസഭയുടെ ദീർഘവീക്ഷണത്തോടെയുള്ള ദൗത്യമാണ് പുസ്തകോത്സവം. ഇതിന്റെ ഊർജം ഉൾക്കൊണ്ട് കർണാടകയിലും പുസ്തകോത്സവം സംഘടിപ്പിക്കുന്നതിനുള്ള പിന്തുണയും അദ്ദേഹം തേടി. തലമുറകളെ വായനയിലേക്ക് നയിച്ച എം മുകുന്ദനെ നിയമസഭാ അവാർഡ് നേടിയതിൽ പ്രതിപക്ഷനേതാവ് വി ഡി സതീശൻ അഭിനന്ദിച്ചു.

ലഭിച്ച പുരസ്കാരങ്ങളിൽ താൻ ഏറ്റവും വിലമതിക്കുന്നത് നിയമസഭാ പുരസ്കാരമെന്ന് മറുപടി പ്രസംഗത്തിൽ എം മുകുന്ദൻ പറഞ്ഞു. മൂന്നരക്കോടി ജനങ്ങൾ നീതിക്കും തുല്യതയ്ക്കും വേണ്ടി ഉറ്റുനോക്കുന്ന മഹനീയമായ നിയമസഭയിൽ നിന്നും പുരസ്കാരം ലഭിച്ച നിമിഷം എന്നെന്നും ഓർമിക്കും. അറുപതോളം വർഷത്തോളം എഴുതിയതിനാണ് തനിക്ക് വാർദ്ധക്യം ബാധിച്ചത്.

എഴുത്തുയാത്ര എളുപ്പമായിരുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. ഭൂപരിഷ്കരണ നിയമത്തിലൂടേയും വിദ്യാഭ്യാസ ബില്ലിലൂടേയും മുന്നേറിയ കേരളം ആധുനിക നിർമിതിയിലേക്കുള്ള പ്രയാണം തുടരേണ്ടതുണ്ട്. വർഗീയതയും ഫാസിസവും ഈ പുണ്യഭൂമിയിലേക്ക് കടക്കാൻ അനുവദിക്കരുത്. എഴുത്തുകാരും സർക്കാരും ജനനന്മക്കായി ഒന്നിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

പുസ്തകോത്സവത്തിന്റെ രണ്ടാം പതിപ്പിന്റെ സ്മരണിക പ്രശസ്ത സാഹിത്യകാരൻ ദേവ്ദത്ത് പട്നായിക്ക് പ്രകാശനം ചെയ്തു. ഡോ.മൻമോഹൻ സിംഗിനും എം ടി വാസുദേവൻ നായർക്കും അനുശോചനം അർപ്പിച്ച് ആരംഭിച്ച ഉദ്ഘാടന ചടങ്ങിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ സ്വാഗതം ആശംസിച്ചു. മന്ത്രിമാരായ കെ ബി ഗണേഷ് കുമാർ, ജി ആർ അനിൽ, ചീഫ് വിപ്പ് ഡോ എൻ ജയരാജ്, ജില്ലാ കളക്ടർ അനുകുമാരി എന്നിവർ ആശംസകൾ അർപ്പിച്ചു. നിയമസഭ സെക്രട്ടറി ഡോ എൻ കൃഷ്ണകുമാർ നന്ദി പറഞ്ഞു.

# മാപ്പിളപ്പാട്ടിനെ കുറിച്ച് അറിയാത്തവർ പാനലിൽ; അപ്പീലുകളുടെ എണ്ണം വർധിപ്പിക്കാൻ നീക്കം

തിരുവനന്തപുരം: സംസ്ഥാന സ്കൂൾ കലോത്സവ വേദിയിൽ വിധി നിർണയത്തിനെതിരേ പ്രതിഷേധം. മാപ്പിളപ്പാട്ട് ഹൈസ്കൂൾ വിഭാഗം ആൺകുട്ടികളുടെ വിധിനിർണയം കൃത്യമല്ലെന്ന് ആരോപിച്ചായിരുന്നു രക്ഷിതാക്കളും അധ്യാപകരും പ്രതിഷേധിച്ചത്.

ഇതുവരെ സംസ്ഥാന തലത്തിൽ വിധികർത്താക്കളായി ഇരുന്ന ആരും പാനലിൽ ഉണ്ടായിരുന്നില്ല. മാപ്പിളപ്പാട്ടിനെ കുറിച്ച് അറിയാത്തവരാണ് പാനലിലുണ്ടായിരുന്നത് എന്നാണ് വിമർശനം.

മത്സരത്തിൽ പങ്കെടുത്ത കൂടുതൽ വിദ്യാർഥികൾക്കും ബി ഗ്രേഡ് ആണ് നൽകിയിരിക്കുന്നത്. അപ്പീലുകളുടെ എണ്ണം വർധിപ്പിക്കാനായാണ് ഈ നീക്കം എന്നാണ് ആരോപണം. അപ്പീലിന് 5000 രൂപയാണ് നൽകേണ്ടത്.

വിധി പ്രഖ്യാപനത്തിനു ശേഷം കുട്ടികളുടെ ഭാഗത്തുനിന്നുണ്ടായ പിഴവ് എന്താണെന്ന് എടുത്ത് പറഞ്ഞില്ലെന്നും ആരോപണമുണ്ട്. പ്രതിഷേധത്തിനു പിന്നാലെ രക്ഷിതാക്കളെ പോലീസ് ഇടപെട്ട് സ്ഥലത്തുനിന്ന് നീക്കിയിട്ടുണ്ട്.

പ്രതിഷേധത്തിന് വിലക്ക് നിലനിൽക്കുമ്പോളാണ് പരസ്യ പ്രതിഷേധവുമായി രക്ഷിതാക്കളും അധ്യാപകരും രംഗത്തെത്തിയത്.

# ഗസ്റ്റ് ഇൻസ്ട്രക്ടർ ഒഴിവ്: അഭിമുഖം നടത്തും

പുതുതായി ആരംഭിച്ച ചാല ഐടിഐയിൽ മൾട്ടിമീഡിയ അനിമേഷൻ ആൻഡ് സ്പെഷ്യൽ ഇഫക്ട്സ്, അഡിറ്റീവ് മാനുഫാക്ചറിങ് തസ്തികയിൽ ഗസ്റ്റ് ഇൻസ്ട്രക്ടറുടെ ഒഴിവിലേക്ക് ഓപ്പൺ കാറ്റഗറിയിൽ നിന്നും പിഎസ്സി റൊട്ടേഷൻ ചാർട്ട് പ്രകാരം താത്കാലിക ഗസ്റ്റ് ഇൻസ്ട്രക്ടറായി നിയമിക്കപ്പെടുന്നതിന് താൽപര്യമുള്ള ഉദ്യോഗാർഥികൾ ജനുവരി 10 ന് രാവിലെ 11 ന് അസൽ സർട്ടിഫിക്കറ്റുമായി ചാക്ക ഗവ.ഐടിഐ പ്രിൻസിപ്പാൾ മുമ്പാകെ ഇന്റർവ്യൂവിന് ഹാജരാകണം. എസ്എസ്എൽസി, ബന്ധപ്പെട്ട ട്രേഡിൽ എൻടിസി / എൻഎസിയിൽ 3 വർഷത്തെ പ്രവൃത്തിപരിചയവും അല്ലെങ്കിൽ ബന്ധപ്പെട്ട ട്രേഡിൽ എൻജിനിയറിങ് ഡിപ്ലോമ / ഡിഗ്രിയുമുള്ളവർക്ക് പങ്കെടുക്കാം.

# ക്ലീൻ ഗ്രീൻ കലോത്സവം

പൂർണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്ന വലിച്ചെറിയൽ ഏതാണ്ട് പൂർണമായും ഒഴിവായ ക്ലീൻ-ഗ്രീൻ കലോത്സവമായി മാറുകയാണ് തിരുവനന്തപുരത്തെ 63-ാ മത് സ്കൂൾ കലോത്സവം.

35 ബോട്ടിൽ ബൂത്തുകൾ, പ്ലാസ്റ്റിക് വസ്തുക്കൾ ശേഖരിക്കുന്നതിനുള്ള 300 ബിന്നുകൾ, പേപ്പർ വേസ്റ്റിനുള്ള 300 ചെറിയ ബിന്നുകൾ, സാനിറ്ററി വേസ്റ്റിനുള്ള 100 ബിന്നുകൾ, 26 ബോധവത്കരണ ബോർഡുകൾ എന്നിവ ഇതിനായി സ്ഥാപിച്ചിട്ടുണ്ട്. സെൻട്രൽ സ്റ്റേഡിയത്തിലും പുത്തരിക്കണ്ടത്തും രണ്ട് സ്റ്റാളുകളും പ്രവർത്തിക്കുന്നു.

കോർപ്പറേഷനിലെ ഹരിത കർമ്മസേനാംഗങ്ങൾക്കു പുറമേ 55 എൻ.എസ്.എസ്. വോളണ്ടിയർമാരും ശുചിത്വം ഉറപ്പാക്കാൻ വിവിധ വേദികളിലുണ്ട്. ഇതുവരെയായി 17,200.6 കിലോ ജൈവ മാലിന്യവും 2812 കിലോ അജൈവ മാലിന്യവും 64.6 കിലോ മെഡിക്കൽ മാലിന്യവും ശേഖരിച്ചു.

ജലസംസ്കരണത്തിനും ശാസ്ത്രീയമാർഗ്ഗം

സ്കൂൾ കലോത്സവ ഭക്ഷണശാലയിൽ നിന്നുള്ള മലിനജലം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് സജ്ജീകരണമൊരുക്കി നഗരസഭയും ശുചിത്വ മിഷനും.

സംസ്കരണത്തിന് ഉപയോഗിക്കുന്ന മൊബൈൽ യൂണിറ്റിന് 60000 ലിറ്റർ മലിനജലം ഒരു ദിവസം ശുദ്ധീകരിച്ച് പുറംതള്ളുന്നതിന് കഴിയും.

ഭക്ഷണശാലയിൽ നിന്നും പുറത്തേക്ക് വരുന്ന മലിനജലം ഒരു ഓയിൽ/ഗ്രീസ് ട്രാപ്പിലൂടെ എണ്ണയും മെഴുക്കുമൊക്കെ വേർതിരിഞ്ഞ് മൊബൈൽ ട്രീറ്റ്മെന്റ് യൂണിറ്റിന്റെ ഖര/ജല തരംതിരിക്കൽ യൂണിറ്റിലേയ്ക്ക് എത്തിക്കുന്നു. ഖരമാലിന്യങ്ങൾ ഇവിടെ വേർതിരിക്കപ്പെടും.

മലിനജലത്തെ സാൻഡ് ഫിൽറ്റർ, കാർബൺ ഫിൽറ്റർ, മൈക്രോ ഫിൽറ്റർ, അൾട്രാഫിൽറ്റർ എന്നിങ്ങനെ ഫിൽട്രേഷൻ പ്രക്രിയകളിലൂടെ കടത്തിവിട്ട് ക്ലോറിൻ ശുചീകരണവും കഴിഞ്ഞ് പുറത്തേക്ക് ഒഴുക്കും. ശുദ്ധീകരിച്ച ജലത്തിൽ ദോഷകരമായ അണുക്കളോ, ദുർഗന്ധമോ ഉണ്ടാവില്ല. ഗ്രീൻ പ്രോട്ടോക്കോൾ കമ്മിറ്റിയാണ് ജലസംസ്കരണത്തിന്റെ ചുമതല.

# പ്രായോഗിക പരീക്ഷയും അഭിമുഖവും നടത്തും

തിരുവിതാംകൂർ ദേവസ്വം ബോർഡ് ഒക്ടോബർ 11, 2023ന് വിജ്ഞാപനം ചെയ്ത തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നാദസ്വരം കം വാച്ചർ (കാറ്റഗറി നം. 04/2023), തകിൽ കം വാച്ചർ (കാറ്റഗറി നം. 05/2023), തസ്തികകളിലേക്ക് അപേക്ഷ സമർപ്പിച്ച ഉദ്യോഗാർഥികളുടെ സർട്ടിഫിക്കറ്റ് പരിശോധന നവംബർ 26, 2024ന് നടത്തിയിരുന്നു. സർട്ടിഫിക്കറ്റ് പരിശോധനയുടെ അടിസ്ഥാനത്തിൽ തകിൽ കം വാച്ചർ (കാറ്റഗി നം 05/2023) തസ്തികയുടെ വിജ്ഞാപനപ്രകാരമുള്ള യോഗ്യത തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടുള്ള യോഗ്യരായ ഉദ്യോഗാർഥികൾക്കായുള്ള പ്രായോഗിക പരീക്ഷയും അഭിമുഖവും ജനുവരി 21, 22, 23 തീയതികളിലും നാദസ്വരം കം വാച്ചർ (കാറ്റഗറി നം. 04/2023) തസ്തികയുടെ വിജ്ഞാപനപ്രകാരമുള്ള യോഗ്യത തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടുള്ള യോഗ്യരായ ഉദ്യോഗാർഥികൾക്കായുള്ള പ്രായോഗിക പരീക്ഷയും അഭിമുഖവും ജനുവരി 27, 28 തീയതികളിലും തിരുവനന്തപുരത്തുള്ള കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ രാവിലെ 10.30 മുതൽ നടത്തും. പ്രായോഗിക പരീക്ഷയുടേയും അഭിമുഖത്തിന്റേയും ഷെഡ്യൂൾ കേരള ദേവസ്വം ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. പ്രായോഗിക പരീക്ഷയ്ക്കും അഭിമുഖത്തിനും ഹാജരാകുന്നതിനുള്ള മെമ്മോ ഉദ്യോഗാർഥികളുടെ ദേവജാലിക പ്രൊഫൈലിൽ നിന്നും ഡൗൺലോഡ് ചെയ്യാം. ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകളുടെ അസലും കോപ്പിയും ഇന്റർവ്യൂ മെമ്മോയും സഹിതം നിശ്ചയിക്കപ്പെട്ട സമയത്ത് നേരിട്ട് ഹാജരാക്കണം. പ്രായോഗിക പരീക്ഷയുടേയും അഭിമുഖത്തിന്റേയും സമയം, സ്ഥലം, തീയതി എന്നിവ മാറ്റി നൽകില്ല.

പ്രായോഗിക പരീക്ഷയ്ക്കും അഭിമുഖത്തിനും ഹാജരാകുന്ന ഉദ്യോഗാർഥികൾ വാദ്യോപകരണത്തിലുള്ള പ്രാവീണ്യം തെളിയിക്കുന്നതിന് ബന്ധപ്പെട്ട വാദ്യോപകരണം കൊണ്ടുവരണം. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർഥികളുടെ രജിസ്റ്റേർഡ് മൊബൈൽ നമ്പരിലേക്ക് അയയ്ക്കും. ജനുവരി 16

# സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു

സംസ്ഥാന സർക്കാർ/ സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർഥിനികൾക്ക് (മുസ്ലീം, ക്രിസ്ത്യൻ (എല്ലാ വിഭാഗക്കാർക്കും), സിഖ്, ബുദ്ധ, ജൈന, പാഴ്സി) ജനസംഖ്യാനുപാതികമായി 2024-25 സാമ്പത്തികവർഷം സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപന്റ് നൽകുന്നതിലേക്കായി സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു.

കേരളത്തിൽ പഠിക്കുന്ന സ്ഥിര താമസക്കാരായ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർഥിനികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ച സ്വാശ്രയ മെഡിക്കൽ/എൻജിനീയറിഗ് കോളേജുകളിൽ പഠിക്കുന്നവർക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാം.

ഒരു വിദ്യാർഥിനിക്ക് സ്കോളർഷിപ്പ് അല്ലെങ്കിൽ ഹോസ്റ്റൽ സ്റ്റൈപന്റ് എന്നിവയിൽ ഏതെങ്കിലും ഒന്നിന് അപേക്ഷിക്കാം. ബിരുദത്തിന് 5,000 രൂപയും, ബിരുദാനന്തര ബിരുദത്തിന് 6,000 രൂപയും, പ്രൊഫഷണൽ കോഴ്സിന് 7,000 രൂപയും, ഹോസ്റ്റൽ സ്റ്റൈപ്പന്റ് ഇനത്തിൽ 13,000 രൂപയുമാണ് അനുവദിക്കുന്നത്.

ആദ്യ വർഷങ്ങളിൽ അപേക്ഷിക്കാൻ കഴിയാതെ പോയവർക്കും ഇപ്പോൾ പഠിക്കുന്ന വർഷത്തേക്ക് അപേക്ഷിക്കാം. അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 50 ശതമാനത്തിൽ കുറയാത്ത മാർക്ക് നേടിയിരിക്കണം. കോളേജ് ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും സ്ഥാപന മേധാവി അംഗീകരിച്ചിട്ടുള്ള സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും ഹോസ്റ്റൽ സ്റ്റൈപ്പന്റിനായി അപേക്ഷിക്കാം. കുടുംബ വാർഷികവരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും സ്കോളർഷിപ്പിനായി തിരഞ്ഞെടുക്കുന്നത്. കുടുംബ വാർഷികവരുമാനം 8 ലക്ഷം രൂപയിൽ കവിയരുത് (ബി.പി.എൽ-കാർക്ക് മുൻഗണന). അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്ക് / ഷെഡ്യൂൾഡ് ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. www.minoritywelfare.kerala.gov.in വെബ്സൈറ്റിലെ സ്കോളർഷിപ്പ് മെന്യൂ ലിങ്ക് മുഖേന ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 3 ഓൺലൈൻ അപേക്ഷയുടെ ഫീൽഡുകൾ പൂർണമായി പൂരിപ്പിച്ച് നിർദ്ദിഷ്ട രേഖകൾ അപ്ലോഡ് ചെയ്ത് പ്രിന്റൗട്ടും അനുബന്ധരേഖകളും നിശ്ചിത തീയതിക്കുള്ളിൽ സ്ഥാപനമേധാവിയ്ക്ക് സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471 2300524, 0471-2302090.



കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ ഭാഗമായ സ്റ്റാളുകൾ സ്പീക്കർ എ. എൻ. ഷംസീർ ഉദ്ഘാടനം ചെയ്യുന്നു

# ചോറ്റാനിക്കരയിൽ പൂട്ടികിടന്ന വീട്ടിലെ ഫ്രിജിനുള്ളിൽ നിന്നു ലഭിച്ച തലയോട്ടി

കൊച്ചി : ചോറ്റാനിക്കര എരുവേലി പാലസ് റോഡിൽ വർഷങ്ങളായി പൂട്ടിക്കിടക്കുന്ന വീട്ടിലെ ഫ്രിജിൽ തലയോട്ടിയും അസ്ഥികൂടവും. 14 ഏക്കറോളം വരുന്ന പറമ്പിലാണ് എറണാകുളം സ്വദേശിയുടെ ഉടമസ്ഥതയിലുള്ള വീട്. ഇവിടെ 20 വർഷത്തോളമായി ആൾതാമസമില്ല.

ആൾതാമസമുണ്ടായിരുന്ന കാലത്ത് ഉപയോഗിച്ചിരുന്നതെന്നു കരുതുന്ന ഫ്രിജ് തുറന്നു പരിശോധിച്ചപ്പോഴാണ് ഒരു ബാഗിനുള്ളിൽ തലയോട്ടിയും അസ്ഥികൂടവും കണ്ടെത്തിയത്. നട്ടെല്ല് അടക്കമുള്ള അസ്ഥികൾ കോർത്ത് ഇട്ട രീതിയിലായിരുന്നു. തലയോട്ടിക്ക് വർഷങ്ങളുടെ പഴക്കമുണ്ടെന്നാണ് കരുതുന്നത്. പൊലീസ് ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കി അന്വേഷണമാരംഭിച്ചു.

# പുതുവത്സര വിപണിയിൽ 1340 ഭക്ഷ്യ സുരക്ഷാ പരിശോധനകൾ നടത്തി

പുതുവത്സര വിപണിയിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് 1340 പ്രത്യേക പരിശോധനകൾ നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ക്രിസ്തുമസിനോടനുബന്ധിച്ച് സംസ്ഥാന വ്യാപകമായി 252 സ്ക്വാഡുകളുടെ നേതൃത്വത്തിൽ നടത്തിയ 2861 പരിശോധനകൾ കൂടാതെയാണിത്. 109 പ്രത്യേക സ്ക്വാഡുകളാണ് പുതുവത്സര വിപണിയിൽ പരിശോധനകൾ നടത്തിയത്. മാനദണ്ഡങ്ങൾ പാലിക്കാത്ത 21 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചു. 182 സ്ഥാപനങ്ങൾക്ക് റെക്ടിഫിക്കേഷൻ നോട്ടീസും 109 കോമ്പൗണ്ടിംഗ് നോട്ടീസും നൽകി. 39 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 284 സർവൈലൻസ് സാമ്പിളുകളും പരിശോധനയ്ക്കായി ശേഖരിച്ചു. ഭക്ഷ്യ സുരക്ഷാ പരിശോധനകൾ കർശനമായി തുടരുമെന്നും മന്ത്രി വ്യക്തമാക്കി.പുതുവത്സര വിപണിയിൽ കൂടുതൽ വിറ്റഴിക്കുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കാൻ ശക്തമായ പരിശോധനകളാണ് നടത്തിയത്. കേക്ക്, വൈൻ, മറ്റുള്ള ബേക്കറി വസ്തുക്കൾ നിർമ്മിക്കുന്ന ബേക്കറി, മറ്റ് ചെറുകിട സംരംഭങ്ങൾ എന്നിവിടങ്ങളിൽ പ്രത്യേക പരിശോധനകൾ നടത്തി. കേക്ക്, കേക്ക് നിർമ്മാണത്തിന് ഉപയോഗിക്കുന്ന വിവിധ അസംസ്കൃത വസ്തുക്കൾ, ഐസ്ക്രീം, ശർക്കര, വെളിച്ചെണ്ണ തുടങ്ങിയവ പരിശോധനയ്ക്ക് വിധേയമാക്കി. കൂടാതെ മത്സ്യ, മാംസ ഉത്പന്നങ്ങളുടെ വിപണന കേന്ദ്രങ്ങളും പരിശോധിച്ചു. മത്സ്യ മൊത്തക്കച്ചവട കേന്ദ്രങ്ങളിലും ഭക്ഷ്യ സുരക്ഷാ ഓഫീസർമാരുടെ നേതൃത്വത്തിൽ പരിശോധന നടത്തി സാമ്പിളുകൾ ശേഖരിച്ചു.

ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ ഏകോപനത്തിൽ ഭക്ഷ്യ സുരക്ഷാ ജോയിന്റ് കമ്മീഷണർ ജേക്കബ് തോമസ്, ഡെപ്യൂട്ടി കമ്മീഷണർ എസ്. അജി എന്നിവർ പരിശോധനകൾക്ക് നേതൃത്വം നൽകി.

# അപേക്ഷ ക്ഷണിച്ചു

എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ പൂജപ്പുരയിലുള്ള എൽ.ബി.എസ് ഐടിഡബ്ല്യൂ ക്യാമ്പസിലെ പരിശീലന കേന്ദ്രത്തിൽ ഫെബ്രുവരി ആദ്യവാരം ആരംഭിക്കുന്ന ഡാറ്റ എൻട്രി ആൻഡ് ഓഫീസ് ഓട്ടോമേഷൻ (ഇംഗ്ലീഷ് ആൻഡ് മലയാളം) കോഴ്സിന് എസ്എസ്എൽസി പാസായവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ജനുവരി 30 വരെ വെബ്സൈറ്റ് മുഖേന അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471-2560333.